# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുപുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി1-1162/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 09/11/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുപുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി1-1162/2021 തീയ്യതി: 09/11/2021

## കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-01-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു പി എസ് | ഡെപ്യൂട്ടി ഡയറക്ടർ | 28-09-2021 | 20-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-09-2021 | 20-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സിന്ധു ടി പി , ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
സബിത കെ , ഓഡിറ്റർ
പ്രമോദ് കെ , ഓഡിറ്റർ
അനു അബ്രഹാം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജമീല എം പി | പ്രസിഡന്റ് | 01-04-2020 | 06-11-2020 |
| ശ്രീ കെ എഫ് അലക്സാണ്ടർ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീ പ്രമോദ് ഡി എൻ | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീ നിഷാദ് എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-06-2020 | 12-06-2020 |
| ശ്രീ സതീശൻ പുളുക്കു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-06-2020 | 21-06-2020 |
| ശ്രീ രാജൻ സി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-06-2020 | 23-06-2020 |
| ശ്രീ ബാബുരാജ് എം പി | സെക്രട്ടറി | 24-06-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റജീന എ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.വിശലക്ഷ്മി എൽ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ നിഷാദ് എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 12-06-2020 |
| ശ്രീമതി സുജാത നെപ്പോളിയൻ | അസിസ്റ്റന്റ് സെക്രട്ടറി | 04-07-2020 | 31-03-2021 |
| ശ്രീ ഫിറോസ് മോൻ എ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 03-07-2020 |
| ശ്രീ രാജേഷ് എം കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 04-07-2020 | 31-03-2021 |
| ഡോ.അഭിലാഷ് എ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 | 30-01-2021 |
| ഡോ.അനീസ് കെ വി | മെഡിക്കൽ ഓഫീസർ , പി എച്ച് സി | 31-01-2021 | 31-03-2021 |
| ഡോ. നീമ പി | മെഡിക്കൽ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ , ഹോമിയോ | | |
| ശ്രീമതി സിന്ധു എം | വി ഇ ഒ വയക്കര | 01-04-2020 | 31-03-2021 |
| ശ്രീ റിതുൽ രാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 08-06-2020 |
| ശ്രീ രാജേഷ് ടി ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 09-06-2020 | 31-03-2021 |
| ശ്രീ ഉണ്ണിക്കണ്ണൻ വി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി സതി സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 11-11-2020 |
| ശ്രീമതി നീതു എം പി | ഐ സി ഡി എസ് സൂപ്പർവൈസർ | 12-11-2020 | 31-03-2021 |
| ശ്രീമതി പ്രീതി പി | ഡെയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബബിത എ വി | വി ഇ ഒ പുളിങ്ങോം | 01-04-2020 | 31-03-2021 |

07.11.20 മുതൽ 20.12.20 വരെ സെക്രട്ടറി, കൃഷി ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരടങ്ങിയ ഭരണനിർവ്വഹണ സമിതി. 21.12.20 ന് പുതിയ ഭരണസമിതി സത്യപ്രതിജ്ഞ ചെയ്തു. അസിസ്റ്റന്റ് സെക്രട്ടറി 13.06.20 മുതൽ 03.07.20 വരെ ഒഴിവ്

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: Sindhu T P (Audit Officer, On 04-11-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 17-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sindhu T P (Audit Officer, On 17-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sindhu T P (Audit Officer, On 17-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-6 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള ആസ്തി നിർമ്മാണപ്രവർത്തനങ്ങൾ- ആസ്തി രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Sindhu T P (Audit Officer, On 17-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-6-1 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - എഞ്ചിനീയറിംഗ് വിഭാഗം നടത്തുന്ന സമാന പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു<br>Written By: Sindhu T P (Audit Officer, On 17-10-2021)<br>Last Updated By: Sindhu T P (Audit Officer, On 04-11-2021) | 1-6-2 |
| 10 | സിറ്റിസൻ ഇൻഫോർമേഷൻ ബോർഡ് സ്ഥാപിച്ചതിലെയും തുക നല്കിയതിലെയും അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 17-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-6-3 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- കരാറുകാർ വിതരണം ചെയ്യുന്ന സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവുകൾ രേഖപ്പെടുത്താത്തതും മറ്റ് അപാകങ്ങളും<br>Written By: Sindhu T P (Audit Officer, On 17-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2021) | 1-6-4 |
| 12 | വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിനേക്കാൾ അധികരിച്ച നിരക്കിൽ വേതനം നൽകി.<br>Written By: Anu Abraham (Auditor, On 20-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-6-5 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |

| | | |
|---|---|---|
| | Written By: Sindhu T P (Audit Officer, On 17-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2021) | |
| 14 | ദേശീയ വാർധക്യകാല പെൻഷൻ - ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷം തുക അക്കൗണ്ടിലേക്ക് മാറ്റി- സംസ്ഥാന സർക്കാരിന് 598000രൂപയുടെ നഷ്ടം<br>Written By: Sindhu T P (Audit Officer, On 09-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2021) | 1-7-1 |
| 15 | കർഷക തൊഴിലാളി പെൻഷൻ , കർഷക പെൻഷൻ- ഗുണഭോക്താക്കളുടെ മരണ ശേഷം അക്കൗണ്ടിലേക്ക് മാറ്റിയത്- സംസ്ഥാന സർക്കാരിന് 287500രൂപയുടെ നഷ്ടം<br>Written By: Sindhu T P (Audit Officer, On 09-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-7-2 |
| 16 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ- ഗുണഭോക്താക്കളുടെ മരണ ശേഷം അക്കൗണ്ടിലേക്ക് മാറ്റിയത്- സംസ്ഥാന സർക്കാരിന് 79800രൂപയുടെ നഷ്ടം<br>Written By: Sindhu T P (Audit Officer, On 09-10-2021)<br>Last Updated By: Sindhu T P (Audit Officer, On 09-10-2021) | 1-7-3 |
| 17 | സർവ്വീസ് പെൻഷൻ ഗുണഭോക്താക്കളിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചു പിടിക്കുന്നത്<br>Written By: Sindhu T P (Audit Officer, On 09-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2021) | 1-7-4 |
| 18 | ക്യാഷ് പരിശോധന<br>Written By: Sindhu T P (Audit Officer, On 17-10-2021)<br>Last Updated By: Sindhu T P (Audit Officer, On 17-10-2021) | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhu T P (Audit Officer, On 17-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-9 |
| 20 | ഗ്രാമസഭ<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: Sindhu T P (Audit Officer, On 04-11-2021) | 1-10 |
| 21 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് വന്ന ₹ 1572 -ഈടാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 20-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-11 |
| 22 | വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ഭരണസമിതി യോഗങ്ങളിലെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sindhu T P (Audit Officer, On 21-10-2021)<br>Last Updated By: Sindhu T P (Audit Officer, On 21-10-2021) | 1-12 |
| 23 | രജിസ്റ്റർ സൂക്ഷിപ്പ്<br>Written By: Sindhu T P (Audit Officer, On 18-10-2021)<br>Last Updated By: Sindhu T P (Audit Officer, On 21-10-2021) | 1-13 |
| 24 | ഐ.കെ.എം ന് വിഹിതം നൽകൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Anu Abraham (Auditor, On 16-10-2021)<br>Last Updated By: Sindhu T P (Audit Officer, On 04-11-2021) | 1-14 |
| 25 | വാറണ്ടി പീരിയഡ് കഴിയുന്നതിനു മുൻപെ കെൽട്രോണുമായി വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെട്ടു-₹9,600 നിരാകരിക്കുന്നു.<br>Written By: Anu Abraham (Auditor, On 16-10-2021)<br>Last Updated By: Sindhu T P (Audit Officer, On 04-11-2021) | 1-15 |
| 26 | വിവിധ അങ്കണവാടികൾക്ക് മോട്ടോർ സ്ഥാപിക്കൽ - വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പദ്ധതി നടപ്പാക്കിയതും മറ്റ് അപാകങ്ങളും- 495274.4രൂപയുടെ | 1-16 |

| | | |
|---|---|---|
| | ചെലവ് തടസ്സത്തിൽ വെക്കുന്നു, 3036രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല<br>Written By: Sindhu T P (Audit Officer, On 20-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 19-10-2021)<br>Last Updated By: Pramod K (Auditor, On 19-10-2021) | 1-17 |
| 28 | വനിതകൾക്ക് പെണ്ണാട് വിതരണം(ജനറൽ)- ചെലവ് രേഖകൾ മുഴുവനായി ഹാജരാക്കിയില്ല- 60000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.<br>Written By: Pramod K (Auditor, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-18 |
| 29 | ഗുണഭോക്തൃവിഹിതം ശേഖരിച്ചത്- കണക്കുകളിൽ അവ്യക്തത-രേഖകൾ ഹാജരാക്കേണ്ടതാണ്<br>Written By: Pramod K (Auditor, On 22-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-19 |
| 30 | തുക ചെലവഴിച്ചത് -സുലേഖ ചെലവ് പത്രികയിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sabitha.K (Auditor, On 21-10-2021)<br>Last Updated By: Sindhu T P (Audit Officer, On 04-11-2021) | 1-20 |
| 31 | മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Sabitha.K (Auditor, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 1-21 |
| 32 | ഗ്രാമപഞ്ചായത്തിലെ ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ- തൃപ്തികരമല്ല<br>Written By: Sindhu T P (Audit Officer, On 20-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2021) | 1-22 |
| 33 | ഗ്രാമപഞ്ചായത്തിലെ ദുരന്ത നിവാരണ പദ്ധതി പ്രവർത്തനങ്ങൾ<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 1-23 |
| **ഭാഗം 2** | | |
| 1 | വസ്തു നികുതി ഈടാക്കിയതിൽ കുറവു വന്ന 1572രൂപ ഈടാക്കേണ്ടതാണ്<br>Written By: Sindhu T P (Audit Officer, On 04-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 2-1 |
| **ഭാഗം 3** | | |
| 1 | വാറണ്ടി പീരിയഡ് കഴിയുന്നതിനു മുൻപെ കെൽട്രോണുമായി വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെട്ടു-₹9,600 നിരാകരിക്കുന്നു.<br>Written By: Sindhu T P (Audit Officer, On 04-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 3-1 |
| 2 | വിവിധ അങ്കണവാടികൾക്ക് മോട്ടോർ സ്ഥാപിക്കൽ - വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പദ്ധതി നടപ്പാക്കിയതും മറ്റ് അപാകങ്ങളും-ഭരണസമിതി അംഗീകരിച്ച നിരക്കിൽ പരിമിതപ്പെടുത്താതെ തുക നല്കി-3036രൂപയുടെ അധികച്ചെലവ്<br>Written By: Sindhu T P (Audit Officer, On 04-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 3-2 |

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: Sindhu T P (Audit Officer, On 04-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: Sindhu T P (Audit Officer, On 19-10-2021) | 4-4 |
| 5 | വായ്പ വായ്പ തിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 15-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sindhu T P (Audit Officer, On 10-10-2021)<br>Last Updated By: Sindhu T P (Audit Officer, On 10-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: Sindhu T P (Audit Officer, On 19-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: Sindhu T P (Audit Officer, On 19-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sindhu T P (Audit Officer, On 19-10-2021)<br>Last Updated By: Sindhu T P (Audit Officer, On 19-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 08-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sindhu T P (Audit Officer, On 10-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 09-11-2021) | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ധനകാര്യ പത്രികകൾ |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.2020 തീയതിയിലെ 69/20 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 22.02.21 ലെ 5/21 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 24,59,949 | 1,22,74,514 |
| വരവ് | 33,13,86,997 | 37,58,64,390 |
| ആകെ | 33,38,46,946 | 38,81,38,904 |
| ചെലവ് | 32,89,06,338 | 38,20,77,821 |
| നീക്കിയിരിപ്പ് | 49,40,608 | 60,61,083 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പാസാക്കി നല്കുന്ന ബജറ്റ് അതേപടി അവതരിപ്പിക്കുകയും അടുത്ത മീറ്റിംഗിൽ അംഗീകരിക്കുകയുമാണ് ചെയ്യുന്നത്. ബജറ്റ് ചർച്ചകൾ മിനട്സ് ചെയ്യപ്പെട്ടിട്ടില്ല.ജന്റർ ബജറ്റും പെർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല.

ഘടകസ്ഥാപനങ്ങളുടെ നോൺപ്ലാൻ ഹെഡിനത്തിലുള്ള ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിച്ച് ക്രോഡീകരിച്ചതായി മിനട്സ് ചെയ്യപ്പെട്ടിട്ടില്ല. ബജറ്റ് ഫയൽ കൃത്യമായി സൂക്ഷിക്കേണ്ടതും ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് നിശ്ചിത സമയപരിധിക്കകം വിവിധ നടപടിക്രമങ്ങളിലൂടെ കടന്നു പോകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 16.05.21 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.05.21 ലെ 1/21 നമ്പർ തീരുമാനപ്രകാരമാണ് 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.ആസ്തി, ഡിപ്രീസിയേഷൻ മൂല്യങ്ങൾ കണക്കാക്കിയതുമായി ബന്ധപ്പെട്ട പത്രിക പരിശോധനക്കായി ഹാജരാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ അസറ്റ്, ഡിപ്രീസിയേഷൻ ഇനങ്ങളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2.ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല. മുന്നിരിപ്പുൾപ്പെടെയുള്ള തുക ഹെഡു തിരിച്ചല്ലാതെ തുടർച്ചയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. സംക്ഷിപ്തം വാർഷിക ധനകാര്യ പത്രികയിലെ ആർ പി -34, ബി-7 ഷെഡ്യൂളുകളിലെ തുകയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3.അഡ്വാൻസ് രജിസ്റ്ററിൽ ഇനം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തി അഡ്ജസ്റ്റ്മെന്റുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4.തൊഴിൽ നികുതി , എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്ററുകളിൽ സംക്ഷിപ്തമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.മറ്റ് വരവിനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ഡി സി ബി രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല.

5.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമായ മറ്റ് ഫണ്ടുകളുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട ഹെഡുകളിൽ കാണിച്ച തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6.ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ഫണ്ടുകൾ യഥാസമയം വിനിയോഗിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതികളായി തുടരുന്നതിനാലാണ് തുക തിരിച്ചടക്കാതിരുന്നത് എന്നാണ് അറിയിച്ചത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2018-19 ലെ നീക്കിയിരിപ്പ് | 2019-20 ലെ നീക്കിയിരിപ്പ് | 2020-21 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| ടി എസ് സി | 100314 | 100314 | 100314 |
| പൈക്ക | 76426 | 79056 | 79056 |
| കാനം വയൽ പാലം നിർമ്മാണം | ചേർത്തിട്ടില്ല | 12807222 | 12807222 |
| സംസ്ഥാന സർക്കാരിൽ നിന്നുള്ള മറ്റ് അവാർഡുകൾ | 100000 | 100000 | 100000 |

7. എം എൻ ആർ ഇ ജി എസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഇ ടെണ്ടറുകളുടെ ഭാഗമായുള്ള ടെണ്ടർ ഫീസും ഇ എം ഡി യും ഏത് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നതെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

8.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

9.ഗുണഭോക്തൃവിഹിതമിനത്തിൽ 18,28,190രൂപ നീക്കിയിരിപ്പുള്ളതായി ബി 4 ഷെഡ്യൂളിൽ കാണിച്ചിട്ടുണ്ട്. എന്നാൽ മുൻ വർഷത്തെ (2019-20) ബി 4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് 5,68,190രൂപയും ആർ പി 31 ൽ വരവ് 3,00,000 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണവും നീക്കിയിരിപ്പുള്ള തുക ഏത് പ്രോജക്ടുകൾക്ക വേണ്ടി ശേഖരിച്ചതാണെന്നും വിനിയോഗിക്കാതിരിക്കാനുള്ള കാരണം എന്തെന്നും വ്യക്തമല്ല.

10.ദുരിതാശ്വാസനിധിയിനത്തിൽ ബി 2 ഷെഡ്യൂളിലെ നീക്കിയിരിപ്പ് 10619 രൂപയും ബി 17ഷെഡ്യൂളിലെ നീക്കിയിരിപ്പ് 7519 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കപ്പെട്ടിട്ടില്ല.

11.ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 190/21 വയോജനങ്ങൾക്ക് കട്ടിൽ വിതരണം (സ്പിൽ ഓവർ) പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ 1/17.04.20 ₹453756, ബിൽ നമ്പർ 3/20-21 /15-5-20 , ₹501943/- എന്നിങ്ങനെ ചെലവ് വന്നിട്ടുണ്ട്.തുക കാഡ്കോ കൈപ്പറ്റിയിട്ടുണ്ട്.ഇതിൽ 453756രൂപയുടെ ചെലവ് ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് പൊതുവിഭാഗം-അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലോ സുലേഖ ചെലവു പത്രികയിലോ വന്നിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഐ-6,ആർ പി - 7 ഷെഡ്യൂളുകളിലും സുലേഖ ചെലവു പത്രികയിലും ഇത്രയും തുകയുടെ കുറവുണ്ടായിട്ടുണ്ട്.

12.നിലാവ് പദ്ധതി- സ്ട്രീറ്റ് ലൈൻ വലിക്കൽ എന്ന പദ്ധതിക്കായി 14,69,412രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു.പ്രസ്തുത തുക വിനിയോഗിച്ചത് 2021-22 സാമ്പത്തിക വർഷത്തിലാണ്. 2020-21 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ ഈ തുക ഉൾപ്പെടുത്താതിരുന്നത് അപാകമാണ്.

13.നോട്ട് ഓൺ അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,11,10,300.23 |
| വരവ് | 13,26,15,830 |
| ആകെ | 17,37,26,130.23 |
| ചെലവ് | 15,24,91,143 |
| നീക്കിയിരിപ്പ് | 2,12,34,987.23 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1,572 |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹12,636 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹5,55,274.40 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 28139625 | 28139625 | 27683869(98.3%)(*) | 455756 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1904000 | 1904000 | 1845925(96.95%) | 58075 |
| വികസന ഫണ്ട്-ടി എസ് . പി | 0 | 4092238 | 4092238 | 3602645(88%) | 489593 |
| മെയിന്റനൻസ്, റോഡ് | 0 | 1,54,80,000 | 1,54,80,000 | 1,34,42,396 (86.84%) | 2037604 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7687451 | 7687451 | 6993158 (90.97%) | 694293 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 27073025 | 27073025 | 17246522 (63.7%) | 9826503 |
| സാക്ഷരത | 36807.96 | 918 | 37725.96 | 0 | 37725.96 |
| ദുരിതാശ്വാസനിധി | 10330 (2019-20 ബി-2 ഷെഡ്യൂൾ പ്രകാരം) | 289 | 10619 | 0 | 10619 (2020-21 ബി-2 ഷെഡ്യൂൾ പ്രകാരം) |
| ശുചിത്വമിഷൻ ഗ്രാന്റ് | 613000 | 3100994 | 3713994 | 1624021 | 2089973 |
| എം.പി.എൽ.എ.ഡി | 14505 | 401 | 14906 | 0 | 14906 |
| മറ്റ് സർക്കാർ ഏജൻസിക ളിൽ നിന്നുള്ള പ്രത്യേകോ ദ്ദേശ്യ ഗ്രാന്റുകൾ(*) | 800591 | 12757000 (വിശദാംശ ങ്ങൾ ലഭ്യമല്ല) | 13557591 | 6775537 (വിശദാംശ ങ്ങൾ ലഭ്യമല്ല) | 6782054 |
| ടി എസ് സി | 100314 | 190000 | 100314 | 190000 | 100314 |
| ഡബ്ല്യു ജി ഡി പി | 46092 | 1243 | 47335 | 47335 | 0 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 720863 | 1294600 | 2015463 | 1000000 | 1015463 |
| പൈക്ക | 79056 | 0 | 79056 | 0 | 79056 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ-കാനംവയൽ സാംസ്കാരിക നിലയം | 2259141 | .. | 2259141 | 673321 | 1585820 |
| മറ്റ് ധനകാര്യ സ്ഥാപന ങ്ങളിൽ നിന്നുള്ള ഗ്രാന്റുകൾ(കെ | 0 | 40000 | 40000 | 0 | 40000 |

| | | | | | |
|---|---|---|---|---|---|
| എസ് എഫ് ഇ – ഓൺലൈൻ വിദ്യാസഹായി) | | | | | |
| മറ്റ് ഗ്രാന്റുകൾ- കാനം വയൽ നടപ്പാലം- കോർപ്പസ് ഫണ്ട് | 1,28,07,222 | 0 | 1,28,07,222 | 0 | 1,28,07,222 |
| എം എൻ ആർ ഇ ജി എസ്- 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ വർക്കുള്ള ബോണസ് | 0 | 3,57,000 | 3,57,000 | 3,57,000 | 0 |
| സംസ്ഥാന സർക്കാരിൽ നിന്നുള്ള മറ്റ് അവാർഡുകൾ | 100000 | 0 | 100000 | 0 | 100000 |

(*)4,53,756രൂപയുടെ ചെലവ് ഉൾപ്പെടുന്നില്ല. ഖണ്ഡിക 1-2-1 (ക്രമനമ്പർ 11) കാണുക.

കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകകളുമായി ബന്ധപ്പെട്ട വരവു ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിന്റെ അഭാവത്തിൽ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. എ.എഫ്.എസ്. പ്രകാരമുള്ള തുകയാണ് ചേർത്തത്.

വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുക മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് യഥാസമയം വിനിയോഗിക്കാനും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 282 | 196498634 | 227 | 1133,21,895 | 66 | 55 | 161 | 57 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള ചെലവു വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 4504600 | 3232040 | 71.75 |
| വെറ്റിനറി സർജൻ | 6 | 6 | 4750000 | 3636000 | 76.55 |
| മെഡിക്കൽ ഓഫീസർ- പിഎച്ച്സി | 8 | 7 | 4365000 | 3351831 | 76.79 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 650000 | 648976 | 99.8 |
| വി ഇ ഒ | 21 | 16 | 84207859 | 32849856 | 39 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 6 | 9405568 | 7770713 | 82.62 |
| സെക്രട്ടറി | 20 | 18 | 8910083 | 8702988 | 97.68 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 12 | 3789797 | 3208449 | 84.66 |
| ഹെഡ്മാസ്റ്റർ | 3 | 3 | 642649 | 640859 | 99.7 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 190 | 148 | 70033126 | 46122278 | 65.86 |
| എസ് ഐ ഫിഷറീസ് | 2 | 1 | 2166000 | 83953 | 3.88 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 3073952 | 3073952 | 100 |
| ആകെ | 282 | 227 | 19,64,98,634 | 11,33,21,895 | 57.67 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,28,647 | 14,80,300 | 17,08,947 | 14,86,728 | 2,22,219 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 61958428 | 61958428 | 61958428 | 0 |
| ആകെ | 2,28,647 | 63,438,728 | 6,36,67,375 | 6,34,45,156 | 2,22,219 |

വിദഗ്ധ ,അർദ്ധവിദഗ്ധ തൊഴിലാളികളുടെ കൂലിയിനത്തിൽ 87.95 ലക്ഷം രൂപയും മെറ്റീരിയൽ വിലയിനത്തിൽ 93.4ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.645.31ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് ഇ എഫ് എം എസ് വഴി നല്കിയിട്ടുണ്ടെന്നാണ് ഫിനാൻഷ്യൽ പെർഫോമൻസ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഭരണച്ചെലവുകൾ മാത്രമാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി വരുന്നത്.

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ആസ്തി നിർമ്മാണപ്രവർത്തനങ്ങൾ- ആസ്തി രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന റോഡു പ്രവൃത്തികളിൽ റീച്ച് രേഖപ്പെടുത്തുകയോ, പ്രവൃത്തി ചെയ്തു കഴിഞ്ഞ ശേഷം അതിനനുസരിച്ച മാറ്റങ്ങൾ ആസ്തി രജിസ്റ്ററിൽ വരുത്തുകയോ ചെയ്യുന്നില്ല.

ഉദാഹരണമായി പുളിയന്മാവ് തെക്കന്മാവ് റോഡ് 2.54 കിലോമീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും ടാർ ചെയ്തതായിട്ടാണ് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്(2018-19 വരെയുള്ള വിവരങ്ങൾ) . എന്നാൽ അതേ റോഡിൽ 2019-20,20-21 സാമ്പത്തിക വർഷങ്ങളിലായി കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

| വർക്ക് കോഡ് | നീളം | ചെലവ് | എം ബുക്ക് നമ്പർ |
|---|---|---|---|
| ആർ സി /321707 | 140മീ | 4.88 ലക്ഷം | 148/20-21 |
| ആർ | 140മീ | 4.79ലക്ഷം | 256/20-21 |

| | | | |
|---|---|---|---|
| സി/321708 | | | |
| ആർ ,സി/273905 | 575മീ | 19.69ലക്ഷം | 29/20-21 |

പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നതിന് ഒരുമിച്ച് ഇ ടെണ്ടർ ക്ഷണിക്കാതെ വ്യത്യസ്ത ടെണ്ടറുകൾ ക്ഷണിച്ചതും ക്രമപ്രകാരമല്ല.

രാജഗിരി അൽഫോൺസ് റോഡ്

പ്രസ്തു റോഡിന്റെ ഫസ്റ്റ് റീച്ചിൽ 140മീറ്റർ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തുന്നതായാണ് എം എൻ ആർ ഇ ജി എസ് ഫയലിൽ ഉള്ളത്. ഇതേ റോഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ 2018-19,19-20 സാമ്പത്തിക വർഷങ്ങളിലായി 100 മീറ്റർ റീടാറിംഗ് നടത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത റോഡ് 1.24കിലോമീറ്റർ നീളമുള്ള ടാർ റോഡ് ആണെന്നാണ് ആസ്തി രജിസ്റ്ററിൽ ഉള്ളത്. ഏതു ഭാഗത്താണ് കോൺക്രീറ്റ് പ്രവൃത്തി നടത്തിയതെന്നും ടാർ റോഡിൽ മൺപണി മുതലുള്ള പ്രവൃത്തികൾ നടത്തി കോൺക്രീറ്റ് ചെയ്യാനിടയായ സാഹചര്യം എന്തെന്നും വ്യക്തമല്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ ഭാഗമായി പൊതു ആസ്തികൾ സൃഷ്ടിക്കപ്പെടുമ്പോൾ , ആസ്തി സൃഷ്ടിക്കുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന് നിയമപരമായി കൈമാറി ലഭിച്ചിട്ടുള്ളതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതും ആണെന്ന് ഉറപ്പ വരുത്തേണ്ടതും പുതിയ പ്രവൃത്തികളുടെ വിവരങ്ങൾ ചേർത്ത് ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാലികമാക്കേണ്ടതുമാണ്. തുടർനടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-6-2 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി- റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - എഞ്ചിനീയറിംഗ് വിഭാഗം നടത്തുന്ന സമാന പ്രവൃത്തികളിൽ നിന്നും വ്യത്യസ്തമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

ഒരേ തരത്തിലുള്ള ജ്യോഗ്രഫിക്ക് ഏരിയയിൽ എഞ്ചിനീയറിംഗ് വിഭാഗവും ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി വിഭാഗവുംറോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് വ്യത്യസ്തമായ രീതിയിലാണ്. പ്രൈസ് അടിസ്ഥാനമാക്കിയുള്ള സെക്വയർ സോഫ്റ്റ് വെയറിലാണ് ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾക്കു വേണ്ടിയുള്ള ഡാറ്റയും തയ്യാറാക്കപ്പെടുന്നത് എന്നതിനാൽ ഈ പൊരുത്തക്കേടുകളുടെ സാങ്കേതികാടിസ്ഥാനം വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി , എം എൻ ആർ ഇ ജി എസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സെക്വയർ സോഫ്റ്റ്വെയറിൽ ഈ ഇനത്തിനുള്ള ഡാറ്റ മാത്രമാണ് ലഭ്യമായത് എന്നതിനാലാണ് ഇങ്ങനെ ചെയ്തത് എന്നാണ് അറിയിച്ചത്.
സൈറ്റിൽ യഥാർത്ഥത്തിൽ ആവശ്യമായ പ്രവൃത്തികൾക്കു വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് എന്നതിനാൽ മറുപടി തൃപ്തികരമല്ല. ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു പകരം യഥാർത്ഥത്തിൽ ആവശ്യമില്ലാത്ത ഇനം ചേർത്തത് ഗുരുതരമായ അപാകമാണ്.

എഞ്ചിനീയറിംഗ് വിഭാഗത്തിൽ 3m വീതി വരുന്ന വില്ലേജ് റോഡുകൾക്ക് ഫൗണ്ടേഷൻ കോൺക്രീറ്റ് നുള്ള നിരക്കാണ് ( 1: 3: 6 കോൺക്രീറ്റ് മിക്സ് 10cmകനത്തിലും 1: 2: 4 കോൺക്രീറ്റ് മിക്സ് 7.5cm കനത്തിലും) നല്കുന്നതെങ്കിൽ തൊഴിലുറപ്പ പദ്ധതിയിൽ Upto Plinth Level നുള്ള നിരക്കും ആയതിനുള്ള സെന്ററിംഗ് & ഷട്ടറിംഗും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നുണ്ട്. റോഡരികിൽ പലക വെക്കുകയല്ലാതെ മറ്റ് സങ്കീർണ്ണമായ തട്ടടിക്കലുകൾ ഒന്നും തന്നെ ചെയ്യുന്നില്ല എന്നാണ് പ്രവൃത്തികളുടെ ഫോട്ടോ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത്. അതുകൊണ്ടു തന്നെ 2019-20 ൽ 409/ ചതുരശ്ര മീറ്ററും 2020-21 ൽ 416/ചതുരശ്രമീറ്ററും നിരക്കുകൾ സെന്ററിംഗിന് അനുവദിച്ചതിനാൽ മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകാർക്ക് അനധികൃതമായി അധിക തുക അനുവദിക്കാനിടയായിട്ടുണ്ട്. (എല്ലാ പ്രവൃത്തികളുടെയും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് എസ്റ്റിമേറ്റ് നിരക്കിലാണ് കരാർ ഏറ്റെടുത്തിട്ടുള്ളതും തുക നല്കിയിട്ടുള്ളതും).

ഇതു സംബന്ധിച്ച കൂടുതൽ അന്വേഷണം നടത്തി അധികതുക നല്കിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചു പിടിക്കുന്നതിലേക്കായി വിഷയം വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-6-3 സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് സ്ഥാപിച്ചതിലെയും തുക നല്കിയതിലെയും അപാകങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ സി ഐ ബി സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ എം ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടില്ല. സാധനങ്ങൾ വിതരണം ചെയ്യുന്ന കരാറുകാർക്കു തന്നെയാണ് തുക നല്കുന്നതെന്ന് വാക്കാൽഅറിയിച്ചിട്ടുണ്ടെങ്കിലും കരാറുകാരൻ ബോർഡു സ്ഥാപിക്കുന്നതിനുള്ള നിരക്ക് ക്വാട്ട് ചെയ്തിരുന്നില്ല. ടെണ്ടർ

പരസ്യത്തിലും പ്രസ്തുത ഇനം ഉൾപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് അന്വേഷണം (നമ്പർ 17/07.10.2021 ) നല്കിയതിനെ തുടർന്ന് എ ജെ കൺസ്ട്രക്ഷൻസ്, ഇടക്കര സ്റ്റോർ – തിരുമേനി എന്നീ സ്ഥാപനങ്ങൾ 4800 രൂപ വീതം ബോർഡ് സ്ഥാപിച്ച ഇനത്തിൽ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ തുക നിശ്ചയിച്ചതിന്റെയോ പ്രസ്തുത സ്ഥാപനങ്ങളെ ബോർഡ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തതിന്റെയോ അടിസ്ഥാനം വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടി തൃപ്തികരമല്ല.

ബോർഡിന്റെ സ്പെസിഫിക്കേഷനും എസ്റ്റിമേറ്റും അടിസ്ഥാനപ്പെടുത്തി വേണം തുക നല്കേണ്ടത് എന്നതിനാൽ ഗ്രാമപഞ്ചായത്തിൽ ഈ രീതിയിൽ തുക നല്കിയത് ക്രമപ്രകാരമല്ല. ഫയലുകളിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ നഷ്ടം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപിച്ച ബോർഡുകൾ പരിശോധിച്ച് അധികത്തുക നല്കിയിട്ടുണ്ടോ എന്ന് വിലയിരുത്തേണ്ടതും രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ തുക നല്കിയതിന് തൃപ്തികരമായ വിശദീകരണം നല്കേണ്ടതുമാണ്.

## 1-6-4 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- കരാറുകാർ വിതരണം ചെയ്യുന്ന സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവുകൾ രേഖപ്പെടുത്താത്തതും മറ്റ് അപാകങ്ങളും

1.ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2.സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാധനങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാതിരുന്നത് അപാകമാണ്.

3.ഇ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട ഇ എം ഡി യും ടെണ്ടർ ഫീസും ഏത് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത് എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്തിലാണ് ഒടുക്കുന്നത് എന്നാണ് മറുപടി നല്കിയതെങ്കിലും അനുബന്ധരേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സാധനങ്ങൾ വാങ്ങുന്നതിനായി സർക്കാർ ഉത്തരവ് നമ്പർ സഉ(കൈ)നമ്പർ 93/2012/തസ്വഭവ തീയതി 31.03.12 ലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല.
5.പ്രവൃത്തി സ്ഥലത്ത് കരാറുകാർ ഇറക്കുന്ന സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവുകൾ രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് വിതരണക്കരാറുകാരന് തുക നല്കേണ്ടതെങ്കിലും മെഷർമെന്റ് ബുക്കിൽ സ്റ്റാക്ക് മെഷർമെന്റ് രേഖപ്പെടുത്തിയിട്ടില്ല. ആയത് ഗുരുതരമായ അപാകമാണ്.അളവുകളുടെ കൃത്യത ഉറപ്പ് വരുത്തിയ ശേഷം മാത്രം കരാറുകാർക്ക് തുക നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.
6.പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ ടെണ്ടർ ചെയ്യേണ്ട പ്രവൃത്തികളുടെ വിവരങ്ങൾ മാത്രം രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.തുടർനടപടികൾ നിരീക്ഷിക്കപ്പെടുന്നില്ല. കമ്മറ്റികളിൽ അംഗങ്ങളുടെ പ്രാതിനിധ്യവും കുറവാണ്.സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി പുനസ്സംഘടിപ്പിക്കേണ്ടതും നിയമപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതിലേക്കായി വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.
7.പ്രവൃത്തികൾ തുടങ്ങുന്നതിനു മുമ്പും പ്രവൃത്തി നടക്കുമ്പോഴും പ്രവൃത്തി അവസാനിച്ച ശേഷവുമുള്ള വർക്ക് സൈറ്റിന്റെ ഫോട്ടോകൾ ഫയലിൽ ഉൾപ്പെടുത്താനും ഒരു പ്രവൃത്തിയുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഒരു ഫയലിൽ സൂക്ഷിക്കാനും ശ്രദ്ധിക്കേണ്ടതാണ്.
8.സാധനങ്ങൾ വിതരണം ചെയ്യുന്ന കരാറുകാരിൽ നിന്നും വാറ്റ് ഇനത്തിൽ ടി ഡി എസ് ആയി 2% വരുന്ന തുക ഈടാക്കി ഒടുക്കാതിരുന്നതും അപാകമാണ്.

## 1-6-5 വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിനേക്കാൾ അധികരിച്ച നിരക്കിൽ വേതനം നൽകി.

2020-21 വർഷം ഗ്രാമപഞ്ചായത്തിൽ നടത്തിയ റോഡ് കോൺക്രീറ്റ്/ഡ്രൈയിനേജ് നിർമ്മാണം തുടങ്ങിയ മെറ്റീരിയൽ വർക്കുകളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന വർക്കുകളിൽ വിദഗ്ധ/അർദ്ധ വിദഗ്ധ തൊഴിലാളികൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിനേക്കാൾ അധികരിച്ച നിരക്കിൽ വേതനം നൽകി.

| പ്രവൃത്തിയുടെ പേര് | എം ബുക്ക് നമ്പർ | വിദഗ്ധ/അർദ്ധ വിദഗ്ധ ഗണത്തിലുള്ള തൊഴിൽ ദിനങ്ങളുടെ എണ്ണം | എസ്റ്റിമേറ്റ് പ്രകാരം കൂലി | നല്കിയ കൂലി @ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | (*)<br>@ | |
| ഇരുട്ട് തോട് തെക്കന്മാവ്റോഡ് കോൺക്രീറ്റ് | 213/20-21 | 63 | 700, 750, 800 | 1300 |
| രാജഗിരി അൽഫോൻസ റോഡ് കോൺക്രീറ്റ് | 586/20-21 | 30,10 | 700, 750, 800 | 1250,1200 |
| ചുണ്ട വാഴക്കുണ്ടം ലിങ്ക് റോഡ് കോൺക്രീറ്റ് | 283/20-21 | 38 | 700,750,800 | 1300 |
| മണിമലക്കുന്ന് എരിക്കില്ലക്കുളം റോഡ് കോൺക്രീറ്റ് | 204/20-21 | 24,24 | 700,750,800 | 1100,975 |
| തിരുമേനി കോക്കടവ് റോഡ് കോൺക്രീറ്റ് | 171/20-21 | 37 | 700,750,800 | 1300 |
| ഡ്രൈയിനെജ് വർക്ക് ചൂണ്ട വിളക്കുവട്ടം റോഡ് കോൺക്രീറ്റ് | 395/20-21 | 57 | 700,800,850, 900 | 1300 |
| ചുളിയിട്ട പൊയിൽ തുറുവേലിക്കവല റോഡ് റീച്ച് 1 | 348/20-21 | 60 | 700,750,800 | 825 |
| ഓമാല കൊട്ടത്തലച്ചി റോഡ് കോൺക്രീറ്റ് | 596/20-21 | 60 | 700,750,800 | 825 |
| പാലച്ചുവട് പൊയ്യക്കടവ് റോഡ് കോൺക്രീറ്റ് | 251/20-21 | 8 | 700,750,800 | 1750 |
| സാധുമുക്ക് മേലുത്തന്നി റോഡ് കോൺക്രീറ്റ് | 270/20-21 | 38 | 700,750,800 | 1300 |
| പാണക്കാട്ട് അരീക്കോട്ട് കവല റോഡ് കോൺക്രീറ്റ് | 328/20-21 | 30 | 700,750,800 | 1200 |
| ചുളിയിട്ട പൊയിൽ തുറുവേലിക്കവല റോഡ് റീച്ച് 3 കോൺക്രീറ്റ് | 533/20-21 | 18,6 | 700,750,800 | 1200,1050 |
| പള്ളിമുക്ക് ചെമ്മഞ്ചോരി ഇരുട്ടതോട് റോഡ് കോൺക്രീറ്റ് | 210/20-21 | 23 | 700,750,800 | 900 |
| കോഴിച്ചാൽ-ചതുപ്പചാൽ-ജോസ്ഗിരി റോഡ് കോൺക്രീറ്റ് | 528/20-21 | 24,24 | 700,750,800 | 1100,975 |
| കുഞ്ഞിലെക്കാട്-ഉദയപുരം റോഡ് കോൺക്രീറ്റ് | 21/20-21 | 60 | 700,750,800 | 825 |
| ചുണ്ട വിളക്കുവട്ടം റോഡിൽ ഡ്രൈയിനേജ് നിർമ്മാണം | 130/20-21 | 57 | 700,800,850, 900 | 1300 |
| കോഴിച്ചാൽ-ചതുപ്പചാൽ-ജോസ്ഗിരി റോഡ് | 498/20-21 | 24,24 | 700,750,800 | 1100,975 |

| | | | | |
|---|---|---|---|---|
| കോൺക്രീറ്റ്-റീച്ച് 2 | | | | |
| സാധുമുക്ക് മേലുത്താന്നി റോഡ് | 444/20-21 | 38 | 700,750,800 | 1300 |

(*)എസ്റ്റിമേറ്റ് പ്രകാരമുള്ള കൂലി നിരക്കുകൾ

| തരം | കൂലി @ |
|---|---|
| ബിസ്തി | ₹700 |
| മേസൻ(ആവറേജ്) | ₹750 |
| ഫിറ്റർ | ₹800 |
| മേസൻ(ക്ലാസ് I-ബ്രിക്ക് ലേയർ) | ₹900 |
| മേസൻ(ക്ലാസ് II) | ₹850 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 17/07.10.21) എസ്റ്റിമേറ്റിലുള്ള ആകെ തുകയിൽ അധികമാവാത്ത വിധത്തിലാണ് കൂലിനല്കിയതെന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മസ്റ്റർ റോളിൽ ചേർത്തതിനേക്കാൾ കൂടുതൽ മനുഷ്യദിനങ്ങൾക്ക് കൂലി അനുവദനീയമല്ലാത്തതിനാൽ, എസ്റ്റിമേറ്റിലെ ആകെ കൂലിയിൽ അധികമായിട്ടില്ല എന്ന മറുപടി തൃപ്തികരമല്ല.
വിദഗ്ധ , അർദ്ധ വിദഗ്ധ തൊഴിൽ ഘടകങ്ങൾ മസ്റ്റർ റോളിൽ വേർ തിരിച്ച് കാണിച്ചിട്ടില്ലാത്തതിനാൽ ഓരോരുത്തർക്കും അധികം നല്കിയ കൂലി കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. മസ്റ്റർ റോളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും അധികം നല്കിയ തുക കണക്കാക്കി തിരിച്ച് പിടിക്കേണ്ടതുമാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 11,944,900 | 775 |
| വിധവാപെൻഷൻ | 15,764,800 | 1059 |
| വാർദ്ധക്യകാലപെൻഷൻ | 42,278,200 | 2961 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 5,950,100 | 399 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 898,100 | 60 |

## 1-7-1 ദേശീയ വാർധക്യകാല പെൻഷൻ - ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷം തുക അക്കൗണ്ടിലേക്ക് മാറ്റി- സംസ്ഥാന സർക്കാരിന് 598000രൂപയുടെ നഷ്ടം

ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്റ്ററിൽ സൂക്ഷിച്ചിട്ടുള്ള ആധാർ നമ്പറുകൾ സേവന പെൻഷൻ സർച്ച് മുഖേന പരിശോധന നടത്തിയപ്പോൾ മരണപ്പെട്ട ശേഷവും ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടു.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐ ഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ (അക്കൗ | അധികം നല്കിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | ണ്ടിൽ നിക്ഷേപിച്ച തിന്റെ വിവരങ്ങൾ) | |
| 1 | ജോൺ നെട്ടുംപള്ളിയിൽ | 745811067655 | 111070201460 | 7.04.20 | 2/21വരെ | 19900 |
| 2 | സാറാമ്മ ചാക്കോ | 957402193442 | 111070201973 | 18.12.20 | 2/21വരെ | 4500 |
| 3 | രാഘവൻ റ്റി.എ | 851760859668 | 111070201583 | 18.05.2020 | 2/21വരെ | 15000 |
| 4 | വിശ്വനാഥൻ | 882502043089 | 111070200978 | 21.11.2020 | 2/21വരെ | 5800 |
| 5 | ജോസഫ് പി ജെ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | 980627375970 | 112110200649 | 03.03.21 | 8/21വരെ ആക്ടീവ് | 3600 |
| 6 | ജോൺ പുരയിടത്തിൽ നട്ടുവിൽ ഗ്രാമ പഞ്ചായത്ത് | 540744892255 | 111180200390 | 22.02.21 | 8/21വരെ ആക്ടീവ് | 11500 |
| 7 | സൂസമ്മ മാത്യു വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | 211178121645 | 112110202815 | 04.03.21 | 8/21വരെ ആക്ടീവ് | 6400 |
| 8 | തങ്കപ്പൻ.കെ.എസ്സ് കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി | 506381148660 | 102230200394 | 07.03.21 | 6/21വരെ ആക്ടീവ് | 6300 |
| 9 | വർക്കി എൻ ജെ ഈസ്റ്റ് എളേരി | 597676629612 | 112090200944 | 27.03.21 | 6/21വരെ ആക്ടീവ് | 2400 |
| 10 | ചാക്കോ | 443202313285 | 111070200922 | 23.02.21 | 8/21വരെ ആക്ടീവ് | 11500 |
| 11 | സാറാമ്മ വെസ്റ്റ് എളേരി | 542527037339 | 112110200289 | 11.04.19 | 7/19വരെ | 12000 |
| 12 | ജോസഫ് വി എം | 323721797107 | 111070202310 | 24.12.19 | 8/21വരെ ആക്ടീവ് | 32000 |
| 13 | സാറാമ്മ ആലക്കോട് ഗ്രാമപഞ്ചായത്ത് | 782741855324 | 111200200974 | 17.01.20 | 8/21വരെ ആക്ടീവ് | 29400 |
| 14 | മാത്യ റ്റി ഡി | 327043037671 | 111070202074 | 18.01.2020 | 8/21വരെ ആക്ടീവ് | 32000 |
| 15 | മറിയം | 707132518349 | 111070202658 | 16.01.20 | 8/21വരെ ആക്ടീവ് | 29400 |
| 16 | മാത്യൂ പി വി | 911811153409 | 112090200903 | 25.01.20 | 4/20വരെ ആക്ടീവ് | 6100 |
| 17 | ദേവസ്യ തോമസ് ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | 620834947391 | 112090200983 | 31.01.20 | 10/20വരെ ആക്ടീവ് | 16500 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 18 | മത്തായി വി എ | 378593198985 | 111070201579 | 06.02.2020 | 8/20വരെ | 5400 |
| 19 | അബ്ദുൾ ജബ്ബാർ | 998614172867 | 111070201141 | 25.01.20 | 8/21വരെ ആക്റ്റീവ് | 12600 |
| 20 | എലിയാമ്മ ഫിലിപ്പോസ് | 565847417633 | 111070200316 | 13.03.20 | 4/21വരെ | 25600 |
| 21 | വർഗ്ഗീസ് | 559643579014 | 111070200614 | 24.12.19 | 4/21വരെ | 10200 |
| 22 | ഗോപാലകൃഷ്ണൻ നായർ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | 842217851995 | 112090200189 | 30.04.20 | 8/21വരെ | 32000 |
| 23 | മോനിക്ക -വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | 916640531936 | 112110202087 | 09.06.20 | 8/21വരെ | 24500 |
| 24 | നൈനാൻ പി എം | 558210888627 | 111070202396 | 14.06.20 | 4/21വരെ | 16900 |
| 25 | ത്രേസ്യാമ്മ ജോർജ് പടിയാനിക്കൽ | 529807251863 | 111070201305 | 20.06.20 | 2/21വരെ | 13800 |
| 26 | ജോസഫ് ഈസ്റ്റ് എളേരി | 376863114386 | 112090201942 | 20.06.20 | 8/21വരെ Active | 19500 |
| 27 | അബ്രഹാം പി ടി | 982293040892 | 111070201357 | 20.06.20 | 1/21വരെ | 13500 |
| 28 | മേരി ജോസഫ് ബളാൽ ഗ്രാമ പഞ്ചായത്ത് | 382199528742 | 111990200099 | 08.06.20 | 8/21വരെ Active | 24500 |
| 29 | രാഘവൻ | 247071714543 | 111070202846 | 08.08.20 | 4/21വരെ | 14300 |
| 30 | ലൈല കെ | 737393893913 | 111070202326 | 8.08.20 | 11/20വരെ | 6800 |
| 31 | അന്നമ്മ ജോസഫ് | 989324049555 | 111070203060 | 8.07.20 | 2/21വരെ | 12000 |
| 32 | കമലാക്ഷി | 848351908634 | 111070200518 | 29.08.20 | 4/21വരെ | 15100 |
| 33 | റോസമ്മ | 392391392346 | 111070200450 | 05.07.20 | 8/21വരെ | 15100 |
| 34 | ഏലിയാമ്മ ജേക്കബ് | 399486689880 | 111070200968 | 12.09.20 | 9/21വരെ Active | 18100 |
| 35 | അഹമ്മദ്ഖാൻ റാവുത്തർ | 893537623398 | 111070201634 | 30.09.20 | 4/21വരെ | 4800 |
| 36 | ദേവസ്യ തോമസ് ബളാൽ ഗ്രാമപഞ്ചായത്ത് | 597642016670 | 111990200595 | 23.09.20 | 9/21വരെ Active | 7800 |
| 37 | കേശവൻ | 578091537910 | 111070202686 | 11.10.20 | 4/21വരെ | 6100 |
| 38 | മറിയക്കുട്ടി ദേവസ്യ | 558849868650 | 111070200689 | 8.11.20 | 4/21വരെ | 9100 |
| 39 | മേരി വർഗ്ഗീസ് | 413018271494 | 111070200937 | 29.11.20 | 4/21വരെ | 8900 |
| 40 | ഡൊമിനിക്ക് വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് | 490871067020 | 112110200695 | 08.01.21 | 8/21 വരെ ആക്റ്റീവ് | 14100 |
| 41 | സെബാസ്റ്റ്യൻ തോമസ് | 776794841027 | 111070203261 | 18.03.20 | 4/21വരെ | 23000 |
| | | | | | ആകെ | ₹598000 |

(നോട്ട്-ഗ്രാമപഞ്ചായത്തിന്റെ പേര് രേഖപ്പെടുത്താത്ത ഗുണഭോക്താക്കൾ ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളാണ്.)

ഡെത്ത് റിപ്പോർട്ടുകളുമായി ഒത്തുനോക്കി നിജസ്ഥിതി പരിശോധിക്കേണ്ടതും അധികം നല്കിയ തുക തിരിച്ചടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഗുണഭോക്താവിന്റെ മരണശേഷമുള്ള കുടിശിക വിതരണത്തിന് അനുമതിയില്ലാത്തതിനാൽ ആയത് ഉൾപ്പെടെയുള്ള തുകയാണ് കണക്കാക്കിയത്.

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാതു മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്

മരണമടഞ്ഞ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിരുന്നിട്ടും ഡാറ്റാബേസിൽ നിന്നും യഥാസമയം ഒഴിവാക്കാത്തതിന് ഗുരുതരമായ പിഴവായി ഓഡിറ്റിൽ വിലയിരുത്തുന്നു. തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം രജിസ്റ്റർ ചെയ്ത മരണങ്ങളുടെ വിവരങ്ങൾ മാത്രം പരിശോധിച്ചപ്പോൾ കണ്ടെത്തിയ അധിക ചെലവാണിത്. മുൻകാലങ്ങളിൽ ഉൾപ്പെടെ മരണപ്പെട്ടവരുടെ ആനുകൂല്യങ്ങൾ ഇതേരീതിയിൽ കൈമാറ്റപ്പെടാനുള്ള സാധ്യത കൂടി പരിശോധന വിധേയമാക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ബാങ്കുകൾക്കും അതാത് ഗ്രാമപഞ്ചായത്തുകൾക്കും കൃഷി ഭവനുകൾക്കും കത്ത് നല്കിയിട്ടുണ്ടെന്നും ഫെഡറൽ ബാങ്കിലെ ഗുണഭോക്താവുമായി ബന്ധപ്പെട്ട തുക തിരിച്ചടച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നല്കിയ ശേഷം അന്വേഷണം നടത്തുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്.

## 1-7-2 കർഷക തൊഴിലാളി പെൻഷൻ , കർഷക പെൻഷൻ- ഗുണഭോക്താക്കളുടെ മരണ ശേഷം അക്കൗണ്ടിലേക്ക് മാറ്റിയത്- സംസ്ഥാന സർക്കാരിന് 287500രൂപയുടെ നഷ്ടം

കൃഷി വകുപ്പ് നല്കുന്ന കർഷക പെൻഷനും കർഷക തൊഴിലാളി പെൻഷനും അനർഹമായി കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐ ഡി | മരണ പ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ വിതരണം സംബ ന്ധിച്ച വിവര ങ്ങൾ | അധി കം നല്കിയ തുക |
|---|---|---|---|---|---|---|---|
| 1 | Thresiamma Mathew | 697373 300784 | 2220336018 | 16.02.21 | Agriculture Department Pension | 4/21 വരെ | 4600 |
| 2 | Radha Amma P | 308125 568712 | 2220239231 | 27.02.21 | Agriculture Department Pension | 4/21വരെ | 4600 |
| 3 | ജോസഫ് പി ജെ | 980627 375970 | 2220355056 | 03.03.21 | Agriculture | 8/21 വരെ | 9500 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | | | | Department Pension | ആക്ടീവ് | |
| 4 | വർക്കി എൻ ജെ ഈസ്റ്റ് എളേരി | 597676 629612 | 2220256928 | 27.03.21 | Agriculture Department Pension | 6/21 വരെ ആക്ടീവ് | 9500 |
| 5 | കല്ല്യാണി ഈസ്റ്റ് എളേരി | 986792 531678 | 112090100340 | 24.12.19 | കർഷക തൊഴിലാളി പെൻഷൻ | 6/21വരെ | 26200 |
| 6 | മത്തായി വി എ | 378593 198985 | 2220336110 | 06.02.20 | Agri.Dept | 08/20വരെ ആക്ടീവ് | 5200 |
| 7 | ഏലിയാമ്മ | 3766118 46688 | 111070100427 | 15.01.20 | കർഷക തൊഴിലാളി പെൻഷൻ | 8/21 വരെ ആക്ടീവ് | 29400 |
| 8 | SEBASTIAN K J ഈസ്റ്റ് എളേരി | 206951 332226 | 2220257018 | 20.02.20 | Agri Dept | 10/20വരെ ആക്ടീവ് | 14100 |
| 9 | JOSEPH T S East Eleri | 521703 860435 | 2220354273 | 14.04.20 | Agri.Dept | 2/21 വരെ | 22300 |
| 10 | THOMAS P C East Eleri | 431095 444309 | 2220257056 | 21.04.20 | Agri.Dept | 8/21വരെ | 29400 |
| 11 | കെ.ജി.ജനാർദ്ദനൻ | 991480 994849 | 111070100719 | 06.06.20 | കർഷക തൊഴിലാളി പെൻഷൻ | 2/21വരെ | 6000 |
| 12 | കുഞ്ഞപ്പൻനായർ - ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് | 946447 355257 | 112090100656 | 10.07.20 | കർഷക തൊഴിലാളി പെൻഷൻ | 8/21 വരെ Active | 8400 |
| 13 | ,, | ,, | 2220257364 | 10.07.20 | Agri.Dept | 8/21 വരെ ആക്ടീവ് | 16700 |
| 14 | ലീലാമ്മ | 917857 092541 | 111070101111 | 8.07.20 | കർഷക തൊഴിലാളി പെൻഷൻ | 4/21 വരെ | 14300 |
| 15 | Ramachandran Nair TK | 600582 055183 | 2220239168 | 25.08.20 | Agri.Dept | 10/20വരെ | 5400 |
| 16 | CICILY MATHEW | 726227 671072 | 2220241310 | 30.08.20 | Agri.Dept | 8/21വരെ Active | 20700 |
| 17 | ദേവസ്യ തോമസ് ബളാൽ ഗ്രാമപഞ്ചായത്ത് | 597642 016670 | 2220350597 | 23.09.20 | Agri.Dept | 8/21വരെ | 18100 |
| 18 | PHILIP K J West Eleri | 880416 787218 | 2220259281 | 9.11.20 | Agri.Dept | 8/21വരെ Active | 15300 |
| 19 | കെ വി കുര്യൻ | 277445 767227 | 2220082499 | 03.12.20 | Agri.Dept | 8/21 വരെ | 13900 |
| 20 | ജേക്കബ് ജോർജ്ജ് | 334925 975618 | 2220335592 | 9.12.20 | Agri.Dept | 8/21 വരെ | 13900 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 287500 |

ഡെത്ത് റിപ്പോർട്ടുകളുമായി ഒത്തു നോക്കി നിജസ്ഥിതി പരിശോധിക്കേണ്ടതും അനർഹമായി കൈമാറിയ തുക നിശ്ചിത അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-7-3 ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ-ഗുണഭോക്താക്കളുടെ മരണ ശേഷം അക്കൗണ്ടിലേക്ക് മാറ്റിയത്- സംസ്ഥാന സർക്കാരിന് 79800രൂപയുടെ നഷ്ടം

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐ ഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ | അധികം നല്കിയ തുക |
|---|---|---|---|---|---|---|
| 1 | യശോദ | 903323659285 | 111070600342 | 14.12.20 | 2/21 വരെ | 19900 |
| 2 | മേരി തോമസ് | 358332281737 | 111070600793 | 03.04.20 | 4/21വരെ | 23000 |
| 3 | സിസിലി | 699762595503 | 111070600307 | 19.09.20 | 8/21വരെ | 11700 |
| 4 | മേരി ചാക്കോ | 966803005456 | 111070600748 | 08.10.20 | 4/21വരെ | 10300 |
| 5 | പൊന്നമ്മ ഐസക്ക് | 821616484062 | 111070600091 | 25.11.20 | 4/21വരെ | 8900 |
| 6 | വത്സമ്മ ഈസ്റ്റ് എളേരി | 990872494290 | 112090600191 | 01.04.19 | 7/19വരെ | 6000 |
| | | | | | ആകെ | ₹79800 |

ഡെത്ത് റിപ്പോർട്ടുകളുമായി ഒത്തു നോക്കി നിജസ്ഥിതി പരിശോധിക്കേണ്ടതും അനർഹമായി കൈമാറിയ തുക നിശ്ചിത അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-7-4 സർവ്വീസ് പെൻഷൻ ഗുണഭോക്താക്കളിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ചു പിടിക്കുന്നത്

താഴെ പറയുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ സർവ്വീസ്/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരാണെന്നും ആയതിനാൽ സാമൂഹ്യസുരക്ഷാ പെൻഷൻ തുക തിരിച്ചു പിടിക്കേണ്ടതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് തുക തിരിച്ചടക്കുന്നതിനായി 2021 മാർച്ച് മാസം ഗ്രാമപഞ്ചായത്തിൽ നിന്നും ഗുണഭോക്താക്കൾക്ക് കത്തയച്ചിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | കൈപ്പറ്റിയ തുക |
|---|---|---|
| രുഗ്മിണി | 111070101202 | 47800 |
| തമ്പായി പി പി | 111070101215 | 47800 |
| ലക്ഷ്മി കെ പി | 111070202508 | 38200 |
| കല്യാണി | 111070203206 | 35400 |
| കമലാക്ഷി | 111070600953 | 48800 |
| ഏലിക്കുട്ടി | 111070203544 | 9000 |

തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 001101023000269 നമ്പർ അക്കൗണ്ടിലേക്ക് തിരിച്ചടച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. (സർക്കുലർ നമ്പർ 7/2020 / ധന തീയതി 23.01.2020)

ഗ്രാമസഭകളിൽ പ്രത്യേക അജണ്ട വച്ചും ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെയും അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടെയും സഹായത്തോടെയും മറ്റ് പെൻഷൻ ഗുണഭോക്താക്കളുടെ അർഹത പുനപ്പരിശോധിക്കേണ്ടതും അനർഹരെ ഒഴിവാക്കി അധിക തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരിച്ച പിടിക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2021 ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 10305രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകളിലൂടെ ചുമതലാ വിഭജനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ടെങ്കിലും സെക്ഷനുകളുടെ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തു പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കാത്തത് പരിശോധനയ്ക്ക് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്.(ഖണ്ഡിക 1-2-1,1-13 ഇവ കാണുക). സ്റ്റാഫ് മീറ്റിംഗ് ചേർന്ന് ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ അർഹതാ പരിശോധന നടത്തുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രത്യേക ടീമിനെ നിയോഗിച്ചിട്ടില്ല. അതുകൊണ്ടു തന്നെ മരണപ്പെട്ടശേഷവും ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ കൈമാറ്റം ചെയ്യപ്പെടാനും അതുപോലെ അനർഹർക്ക് പെൻഷൻ വിതരണം ചെയ്യാനും ഇടയാകുന്നുണ്ട്.

ആസ്തി രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി കാലികമാക്കാത്തതും ഗുരുതരമായ വീഴ്ചയാണ്. പ്രസ്തുത രജിസ്റ്റർ അടിസ്ഥാനമാക്കി പദ്ധതികൾ തയ്യാറാക്കുമ്പോൾ ഓവർലാപ്പിംഗ് വരാൻ സാധ്യതയുണ്ട്. രജിസ്റ്റർ സൂക്ഷിപ്പ് കുറച്ചു കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. വിവിധ ഏജൻസികളിൽ നിന്നു ലഭ്യമാകുന്ന ഫണ്ടിനങ്ങളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വരവു ചെലവുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-10 ഗ്രാമസഭ

കോവിഡ് പ്രതിസന്ധി നിലനില്ക്കുന്നതിനാൽ 2020-21 സാമ്പത്തിക വർഷം 1.02.21 മുതൽ 5.02.21 തീയതികളിലായി ഒരു തവണ മാത്രമാണ് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്. പ്രസ്തുത ഗ്രാമസഭയിൽ 2021-22 പദ്ധതി രൂപീകരണം, 2020-21 പദ്ധതി അവലോകനം, 2020-21 ലെ ഗുണഭോക്താക്കളെ അംഗീകരിക്കൽ, ദുരന്ത നിവാരണ പദ്ധതി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങിയ വിഷയങ്ങൾ അജണ്ടകളായി ഉൾപ്പെടുത്തി ചർച്ചകൾ നടത്തിയിട്ടുണ്ട്.ഗ്രാമസഭാ മിനുട്സുകൾ ഗ്രാമസഭകളിൽ പങ്കെടുത്ത 15 പേർ സാക്ഷ്യപ്പെടുത്തി ഒപ്പു രേഖപ്പെടുത്തിയിട്ടില്ല എന്നത് അപാകമാണ്.

## 1-11 വസ്തു നികുതി ഈടാക്കിയതിൽ കുറവ് വന്ന ₹ 1572 -ഈടാക്കേണ്ടതാണ്.

ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 100 ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച നികുതി നിരക്ക് ച.മീറ്ററിന് 60 രൂപയാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന ക്രമവത്കരണം നടത്തിയ കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണത്തിന് അനുസരിച്ച് നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപനം/ ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണ്ണം ച.മീറ്റർ | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കെട്ടിട വിസ്തീർണ്ണം ച.മീറ്റർ | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഈടാക്കിയ നികുതി @60/ ച.മീ ₹ | ഈടാക്കേണ്ടിയിരുന്ന നികുതി@ 60/ച.മീ ₹ |
|---|---|---|---|---|---|---|
| 1 | 1/525 | വടക്കെ | 89.21 | 66.53 | 66.53 X | 89.21X60= |

| | | | | | | |
|---|---|---|---|---|---|---|
| | W | പുര<br>യിൽ<br>അബ്ദുൾ<br>ഖാദർ | (ക്രമവത്<br>കരണ<br>ഫീസ്<br>ഈടാക്കി ക്രമവത്<br>കരിച്ചത്)<br>(ക്രമവൽക്കരണ ഫീസ്<br>₹1784<br>റസീറ്റ്നമ്പർ<br>120030101320/30.09.20) | | 60=3991.8<br>10% ഇളവ് -<br>399.18<br>20%<br>വർദ്ധനവ്-<br>798.36<br>ഇളവും<br>വർദ്ധനവും<br>കഴിച്ച്<br>ആകെ -<br>4390.98<br>ലൈബ്രറി<br>സെസ്സ് 5% -<br>219.55<br>ആകെ തുക -<br>₹4611<br>റസീറ്റ്നമ്പർ<br>120030101321/<br>30.09.20) | 5352.6<br>10% ഇളവ്<br>-<br>535.26<br>20%<br>വർദ്ധനവ്-<br>1070.52<br>ഇളവും<br>വർദ്ധനവും<br>കഴിച്ച്<br>ആകെ -<br>5887.86<br>ലൈബ്രറി<br>സെസ്സ് 5%<br>-294.39<br>ആകെ<br>തുക -<br>₹6183 |

12.06.2020 ന് നിർമ്മാണം പൂർത്തിയാക്കിയ മുകളിൽ പരാമർശിച്ച കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി 6183 രൂപ ഈടാക്കുന്നതിന് പകരം 4611 രൂപയാണ് ഈടാക്കിയിട്ടുള്ളത് .വസ്തു നികുതി ഈടാക്കിയതിൽ 1572 രൂപ കുറവ് വരുവാനുണ്ടായതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/ 20.10.2021) -ന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12 വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ഭരണസമിതി യോഗങ്ങളിലെ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടില്ല

വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ തുടർ നടപടികൾക്കായി പരിഗണിക്കപ്പെടാത്തതിനുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.വനിതാ വികസന വർക്കിംഗ് ഗ്രൂപ്പ്

കൈത്തറി പരിശീലനം ലഭിച്ചവരിൽ ഇപ്പോൾ തൊഴിൽ ചെയ്യാത്തവരിൽ നിന്നും തറികൾ തിരിച്ചു വാങ്ങി തൊഴിൽ ചെയ്യാൻ താല്പര്യമുള്ള വനിതകൾക്ക് പരിശീലനം നല്കി തറി കൈമാറാനുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ 21/01/21 ലെ തീരുമാനത്തിലെ നിർദ്ദേശം.

2.പൊതുഭരണവും ധനകാര്യവും

അനധികൃതമായി പണിതതും കൂട്ടിയെടുത്തതുമായ കെട്ടിടങ്ങൾ നിയമവിധേയമായി ക്രമവൽക്കരിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള 16/02/21 ലെ നിർദ്ദേശം.അനധികൃതമായി പണിത കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉണ്ടെന്ന വസ്തുതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നത്. ആവശ്യമായ അന്വേഷണങ്ങൾ നടത്തി നികുതിച്ചോർച്ചയും നിയമലംഘനങ്ങളുടെ ആവർത്തനവും ഒഴിവാക്കേണ്ടതാണ്.

3.മൃഗസംരക്ഷണം , ക്ഷീരവികസനം

പഞ്ചായത്തിലെ മുഴുവൻ വളർത്തു നായകളെയും പേവിഷ പ്രതിരോധ കുത്തിവെപ്പ് നല്കി ലൈസൻസ് നല്കുക എന്ന 21/01/21 ലെ നിർദ്ദേശം. ലൈസൻസില്ലാതെ വളർത്തു നായകളെ പരിപാലിക്കുന്നവർക്കെതിരെ പിഴശിക്ഷ ചുമത്തുന്നതിനുള്ള നിരക്ക് നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-13 രജിസ്റ്റർ സൂക്ഷിപ്പ്

1.ഡെപ്പോസിറ്റ് രജിസ്റ്റർ- ഓരോ ഇനം ഡെപ്പോസിറ്റുകളും വർഷം തിരിച്ച് രേഖപ്പെടുത്തി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഒരു ക്രമവുമില്ലാതെ വിവിധ കാലയളവുകളിൽ ലഭിച്ച ഡെപ്പോസിറ്റുകൾ

രേഖപ്പെടുത്തി പേജ് തിരിച്ചുള്ള ആകെ തുകയാണ് സംക്ഷിപ്തത്തിൽ എഴുതുന്നത്.

2.അഡ്വാൻസ് രജിസ്റ്റർ-മുൻകൂർ നല്കുന്നത് ക്രമമായി രേഖപ്പെടുത്തി മാസം തിരിച്ചുള്ള അഡ്ജസ്റ്റ്മെന്റ് വിവരങ്ങൾ വിവരണം സഹിതം രേഖപ്പെടുത്തുന്നില്ല. പല രേഖപ്പെടുത്തലുകളും പെൻസിൽ കൊണ്ട് ചേർത്തതാണ്. ലക്ഷക്കണക്കിന് രൂപ ക്രമീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള സംവിധാനമില്ല.

3.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ-വിവിധ ഏജൻസികളിൽ നിന്നും കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ വർഷങ്ങളിലായി ലഭിച്ച തുകയുടെ വിനിയോഗം കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ച രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ആധികാരികമല്ല.

വരവ് രജിസ്റ്ററുകൾ- വരവ് രജിസ്റ്ററുകളും യഥാവിധി പരിപാലിച്ചിട്ടില്ല.

തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിലേക്കുമായി പ്രസ്തുത വിഷയം പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-14 ഐ.കെ.എം ന് വിഹിതം നൽകൽ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 3/20-21 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം ന് വിഹിതം നൽകൽ |
| ചെലവ് | ₹79432(വികസന ഫണ്ട്-പൊതുവിഭാഗം) |
| ബിൽ നം/തിയതി | 4/20-21 14.7.20 |

2020-21 സാമ്പത്തിക വർഷം ഐ.കെ.എം ന് അടയ്ക്കേണ്ട വിഹിതം ഇനത്തിൽ ₹79432 ഡയറക്ടർ,ഐ.കെ.എം.ന് നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് (നം.11/4.10.21) ധനവിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം ൽ തയ്യാറാക്കി വരുന്നതായും ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും ഇൻഫർമേഷൻ കേരളാ മിഷന്റെ കത്ത് ഉദ്ധരിച്ച് മറുപടി നൽകിയിട്ടുണ്ട് .ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-15 വാറണ്ടി പീരിയഡ് കഴിയുന്നതിനു മുൻപെ കെൽട്രോണുമായി വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെട്ടു-₹9,600 നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 325/20-21 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് എ.എം.സി. |
| അടങ്കൽ | ₹1,50,000 (തനത് ഫണ്ട്) |
| ചെലവ് | ₹1,37,293 (ചെക്ക് നമ്പർ 728663/20.11.2020) |

പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനായി 20.11.20 ന് കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ Hardware Repair And Maintanance രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന 2 കമ്പ്യൂട്ടറുകളുടെ വാറണ്ടി കാലയളവിൽ തന്നെയാണ് അറ്റകുറ്റപ്പണിക്കായുള്ള കരാറിൽ ഏർപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമായിട്ടുണ്ട്.

| കമ്പ്യൂട്ടർ നം. | മോഡൽ | വാറണ്ടി കാലയളവ് | AMC തുക/കാലയളവ് |
|---|---|---|---|
| CS-18 | HP-X4N3 Client Computer | 31/3/2019- 30/3/2022 | ₹4800 20.11.20 മുതൽ 19.11.21 വരെ |
| CS-21 | HP-X4N5 Client Computer | 31/3/19-30/3/22 | ₹4800 20.11.20 മുതൽ 19.11.21 വരെ |

വാറണ്ടി കാലയളവിൽ വാങ്ങിയ സാധനം/സേവനത്തിന്റെ അറ്റകുറ്റപ്പണി നടത്തേണ്ടത് അത് വിതരണം ചെയ്ത സ്ഥാപനം തന്നെയാണ്.ഈ സാഹചര്യത്തിൽ വാറണ്ടി കാലയളവിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കെൽട്രോണിനു നല്കിയ ₹9,600 ഓഡിറ്റിൽ നിരാകരിക്കുന്നു.
ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/04 .10.21 ന് നല്കിയ മറുപടിയിൽ തുക തിരിച്ചടക്കാൻ കെൽട്രോണിന് കത്തു നല്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

താഴെക്കൊടുത്തിരിക്കുന്ന കമ്പ്യൂട്ടറുകൾക്ക് അവയുടെ വാറണ്ടി കാലയളവ് തീരുന്നതിനു 2 മാസം മുൻപാണ് വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെട്ടിരിക്കുന്നത്.

| കമ്പ്യൂട്ടർ നം. | മോഡൽ | വാറണ്ടി കാലയളവ് | AMC തുക/തിയതി |
|---|---|---|---|
| CS-16 | Acer 89067<br>Client Computer | 2/2/18-1/2/21 | ₹4800<br>/20.11.20-19.11.21 |
| CS-17 | Acer<br>Client Computer | 2/2/18-1/2/21 | ₹4800<br>/20.11.20-19.11.21 |
| CS-19 | Acer-89054<br>Client Computer | 2/2/18-1/2/21 | ₹4800<br>/20.11.20-19.11.21 |
| CS-22 | Acer-89057<br>Client Computer | 2/2/18-1/2/21 | ₹4800<br>/20.11.20-19.11.21 |
| CS-23 | Acer-89066<br>Client Computer | 2/2/18-1/2/21 | ₹4800<br>/20.11.20-19.11.21 |
| CS-24 | Acer-118006<br>Client Computer | 2/2/18-1/2/21 | ₹4800<br>/20.11.20-19.11.21 |
| CS-25 | Acer-89050<br>Client Computer | 2/2/18-1/2/21 | ₹4800<br>/20.11.20-19.11.21 |
| CS-26 | Acer<br>Client Computer | 2/2/18-1/2/21 | ₹4800<br>/20.11.20-19.11.21 |

പ്രസ്തുത ഉപകരണങ്ങളുടെ എ എം സി കാലയളവിൽ ആനുപാതികമായ വ്യത്യാസം വരുത്തി നല്കിയ തുക ക്രമീകരിക്കേണ്ടതാണ്.

## 1-16 വിവിധ അങ്കണവാടികൾക്ക് മോട്ടോർ സ്ഥാപിക്കൽ - വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പദ്ധതി നടപ്പാക്കിയതും മറ്റ് അപാകങ്ങളും- 495274.4രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു, 3036രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ | 264/20,231/21(സ്പിൽ ഓവർ) |
| അടങ്കൽ | ₹650000(സംരക്ഷണ ഗ്രാന്റ് - റോഡിതരം) |
| ചെലവ് | ബിൽ നമ്പർ 51/20-21 തീയതി 29.03.21 ₹5,91,624 |
| കരാറുകാരൻ | ശ്രീ റെന്നിമോൻ എ എൽ |
| | |

| | |
|---|---|
| എഗ്രീഡ് പി എ സി | ₹568802 |
| എഗ്രിമെന്റ് നമ്പർ തീയതി | 46/19-20 തീയതി 4.12.19 |
| എം ബുക്ക് നമ്പർ | 44/19-20 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ലംപ്സം പ്രൊവിഷൻ നല്കി പ്രവൃത്തി നടത്തിയത്

7 അങ്കണവാടികൾക്ക് വാട്ടർ ടാങ്ക് സ്ഥാപിക്കാനും 14 അങ്കണവാടികളിലെ കുഴൽ കിണറുകൾക്ക് മോട്ടോർ സ്ഥാപിക്കാനും വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. വാട്ടർടാങ്ക് സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും നടത്തുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത എസ്റ്റിമേറ്റിന്റെ അനുബന്ധം2,3 ആയി 7 വീതം അങ്കണവാടികളിലെ കുഴൽക്കിണറുകൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് ലംപ്സം പ്രൊവിഷനായി 227000 രൂപ വീതം ഉൾപ്പെടുത്തുകയാണ് ചെയ്തത്.

കേരള പി ഡബ്ല്യു ഡി മാന്വൽ ഖണ്ഡിക 1601.1.2 ൽ ആകെ എസ്റ്റിമേറ്റിന്റെ 5% കവിഞ്ഞുള്ള തുകയ്ക്ക് കഴിയുന്നതും ലംപ്സം പ്രൊവിഷൻ നല്കി എസ്റ്റിമേറ്റ് തയ്യാറാക്കരുതെന്ന് പറയുന്നുണ്ട്. വർക്കിംഗ് എസ്റ്റിമേറ്റോ വിശദമായ എസ്റ്റിമേറ്റോ അടിസ്ഥാനപ്പെടുത്താതെ 4,54,000രൂപയുടെ പ്രവൃത്തികൾ ലംപ്സം പ്രൊവിഷന്റെ അടിസ്ഥാനത്തിൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2. 4.54ലക്ഷം രൂപയുടെ വാങ്ങലുകൾക്ക് ഒരുമിച്ച് ടെണ്ടർ ക്ഷണിക്കാതെ വിഭജിച്ച് ക്വട്ടേഷൻ ക്ഷണിച്ചു

1.പതിനാല് അങ്കണവാടികളിലും ഒരേ രീതിയിലുള്ള പ്രവൃത്തികളാണ് ചെയ്യേണ്ടതെങ്കിലും കരാറുകാരൻ ഓരോ അങ്കണവാടിക്കും ആവശ്യമായ സാധനങ്ങൾക്കായി പ്രത്യേകമായി ക്വട്ടേഷൻ ക്ഷണിച്ച് ,ആയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ലക്ഷ്മി ഹാർഡ്‌വെയേഴ്സ് , പാടിയോട്ടു ചാൽ എന്ന സ്ഥാപനത്തിന്റെ 14 ക്വട്ടേഷനുകളും (ആകെ തുക 505705 രൂപ -ജി എസ് ടി ഉൾപ്പെടെ) അംഗീകരിക്കുന്നതിനായി ഫയൽ സഹിതം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറുകയാണ് ചെയ്തത്. കരാറുകാരനെ വാങ്ങൽ നടപടികൾ ഏല്പിച്ചതും 4.54 ലക്ഷം രൂപയുടെ വാങ്ങലുകൾക്ക് ടെണ്ടർ ക്ഷണിക്കാതെ വിഭജിച്ച് ക്വട്ടേഷൻ ക്ഷണിച്ചതും ശരിയല്ല .

3.ഭരണസമിതി അംഗീകരിച്ച നിരക്കിൽ പരിമിതപ്പെടുത്താതെ തുക നല്കി- 3036രൂപയുടെ അധികച്ചെലവ്

മൂന്ന് സ്ഥാപനങ്ങളാണ് ക്വട്ടേഷൻ സമർപ്പിച്ചത് .കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ലക്ഷ്മി ഹാർഡ്‌വെയേർസ് ക്വാട്ട് ചെയ്ത ആകെ തുക (₹505705) എസ്റ്റിമേറ്റിൽ പ്രൊവിഷൻ നല്കിയതിനേക്കാൾ കൂടുതലായതിനാൽ എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്തിയാണ് (227000*2=454000രൂപ) ഭരണസമിതിയുടെ 10.02.2020 ലെ 5/2020(1),(2) തീരുമാനങ്ങളിലായി ക്വട്ടേഷൻ അംഗീകരിച്ചിട്ടുള്ളത്.

ലക്ഷ്മി ഹാർഡ്‌വെയേഴ്സ് സമർപ്പിച്ച ബില്ലുകൾ ജി എസ് ടി ഉൾപ്പെടെയുള്ളതായിരുന്നു. വിവിധ അങ്കണവാടികൾക്കായുള്ള വാങ്ങലുകളിൽ സാധനങ്ങളുടെ ജിഎസ് ടി ഒഴിവാക്കിയാൽ കിട്ടുന്ന ആകെ ബിൽ തുക 442208.27രൂപയും ജി എസ് ടി ഉൾപ്പെടെയുള്ള ബിൽ തുക 505255 രൂപയുമാണ്.ആകെ തുകയായ 505255 രൂപ, 444920രൂപയായി പരിമിതപ്പെടുത്തി ബിൽ തയ്യാറാക്കിയ ശേഷം ജി എസ് ടി കോമ്പൻസേഷനായി 12% കൂട്ടിയിട്ടുണ്ട്. അപ്രകാരം 444920+53390.4=498310.4രൂപയാണ് മോട്ടോർ അനുബന്ധ സാധനങ്ങൾ സ്ഥാപിച്ച വകയിൽ കരാറുകാരന് നല്കിയിട്ടുള്ളത്. എന്നാൽ ഭരണസമിതി അംഗീകരിച്ച നിരക്ക് 454000രൂപ മാത്രമാണ് . മോട്ടോറും അനുബന്ധ സാധനങ്ങളും സ്ഥാപിക്കുന്നതിനുള്ള ലേബർ ചാർജ്ജ് സംബന്ധിച്ച വിവരങ്ങൾ എംബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.(എം ബുക്കിൽ , ബില്ലുകൾ പ്രകാരമുള്ള ജി എസ് ടി ഉൾപ്പെടെ വരുന്ന തുക അതേപടി രേഖപ്പെടുത്തിയാണ് മൂല്യനിർണ്ണയം നടത്തിയത്. അതിനു ശേഷം ഭരണസമിതി അംഗീകരിച്ച നിരക്കിലേക്ക് പരിമിതപ്പെടുത്തിയ ശേഷം ജി എസ് ടി കോമ്പൻസേഷൻ കൂട്ടിയിട്ടുണ്ട്.)

ജി എസ് ടി ഒഴികെയുള്ള നിരക്കിൽ (442208.27രൂപ) പരിമിതപ്പെടുത്തിയ ശേഷം 12% കോമ്പൻസേഷൻ കൂട്ടുന്നതിനു പകരം 444920 രൂപയിൽ പരിമിതപ്പെടുത്തി 12% ജി എസ് ടി കൂട്ടിയതിനാൽ (2711+12%ജി എസ് ടി) 3036രൂപ കരാറുകാരന് അധികം നല്കാനിടയായിട്ടുണ്ട്. ആയത് തിരിച്ചു പിടിക്കേണ്ടതാണ്.

4.എഗ്രിമെന്റ് ഷെഡ്യൂളിൽ പറഞ്ഞപ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും നടപ്പാക്കിയില്ല

ഏഴ് വാട്ടർടാങ്കുകൾ സ്ഥാപിക്കാനാണ് എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം കരാറുകാരൻ ബാധ്യസ്ഥനായിട്ടുള്ളത്.എന്നാൽ 5 വാട്ടർ ടാങ്കുകളും അനുബന്ധ പ്രവൃത്തികളും മാത്രമാണ് ചെയ്തിട്ടുള്ളത്. എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും ചെയ്യാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

മുഴുവം,ചാത്തമംഗലം,പ്രാപ്പൊയിൽ 1, പ്രാപ്പൊയിൽ 2, മരുതംപാടി, പാണ്ടിക്കടവ്, ജോസ് ഗിരി അങ്കണവാടികൾക്ക് വാട്ടർടാങ്ക് - അനുബന്ധ പ്രവൃത്തികൾ ചെയ്യാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിലും ചാത്തമംഗലം , മരുതംപാടി, പ്രാപ്പൊയിൽ 1, പ്രാപ്പൊയിൽ 2,വാവൽ മട എന്നിവിടങ്ങളിലെ അങ്കണവാടികളിലാണ്

പ്രസ്തുത പ്രവൃത്തി ചെയ്തിട്ടുള്ളത്. വാവൽ മട അങ്കണവാടിയെ ഉൾപ്പെടുത്തിയതിനും മുഴുവം ,പാണ്ടിക്കടവ് , ജോസ്ഗിരി അങ്കണവാടികളെ ഒഴിവാക്കിയതിനുമുള്ള കാരണം വ്യക്തമാക്കപ്പെട്ടിട്ടില്ല. ഇവയുൾപ്പെടെയുള്ള അങ്കണവാടികളിൽ മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്.

5.ഒരേ ഇനത്തിന് ഒരേ സ്ഥാപനം വ്യത്യസ്ത നിരക്കുകൾ ക്വാട്ട് ചെയ്തു

ലക്ഷ്മി ഹാർഡ്‌വെയേഴ്സ് 1.5എച്ച് പി ബോർ വെൽ ടൈപ്പ് സബ്മേഴ്സിബിൾ മോട്ടോറിന് വേണ്ടി 2 അങ്കണവാടികളുടെതിൽ 19000രൂപയും 11 അങ്കണവാടികളുടെതിൽ 18000രൂപയും ഒരെണ്ണത്തിന് 17740.8രൂപയുമാണ് ജി എസ് ടി ഉൾപ്പെടെയുള്ള ബിൽ നല്കിയിട്ടുള്ളത്. ഒരേ സാധനത്തിന് ഒരേ സ്ഥാപനം വ്യത്യസ്ത നിരക്കുകൾ ക്വാട്ട് ചെയ്തതായി കാണാം. അതുപോലെ വാവൽ മട അങ്കണവാടിയുടെ ബില്ലിൽ മോട്ടോറിന് (15840+12% ജി എസ് ടി) 17740.8രൂപയാണ് നല്കേണ്ടതെങ്കിലും 18000രൂപ വച്ചാണ് ബിൽ കണക്കാക്കിയത്.

മേൽക്കാരണങ്ങളാൽ മോട്ടോർ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച 498310.4 രൂപയിൽ 3036രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, 495274.4രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

ഇതുമായി ബന്ധപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/19.10.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. |
| പ്രൊജക്ട് നം | 33/21 |
| അടങ്കൽ | ₹1300000/- (₹650000-വികസനഫണ്ട് )<br><br>(₹650000-ഗുണഭോക്തൃവിഹിതം) |
| ചെലവ് | ₹1300000<br>(₹650000/- വികസനഫണ്ട് )<br><br>(₹650000-ഗുണഭോക്തൃവിഹിതം) |
| ബിൽനം/ചെക്ക് നം/ തീയ്യതി | P7/2020-21/₹ 650000/14.1.2021. |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ചെറുപുഴ ഗ്രാമപഞ്ചായത്ത് വെറ്റിനറി സർജൻ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി 650000/രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂരിന് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-18 വനിതകൾക്ക് പെണ്ണാട് വിതരണം(ജനറൽ)- ചെലവ് രേഖകൾ മുഴുവനായി ഹാജരാക്കിയില്ല- 60000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | വനിതകൾക്ക് പെണ്ണാട് വിതരണം ജനറൽ (സ്പിൽ ഓവർ). |
| പ്രൊജക്ട് നം | 226/21 |
| അടങ്കൽ | ₹250000/- (₹190000- വികസനഫണ്ട് )<br>(₹60000-ഗുണഭോക്തൃവിഹിതം) |
| ചെലവ് | ₹190000<br>(₹190000/- വികസനഫണ്ട് ) |

| | |
|---|---|
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | (1)P1/2020-21//17.4.2020/₹ 60000.<br>(2)P2/2020-21/17.4.2020/₹ 130000. |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

മേൽ പദ്ധതിയുടെ ഭാഗമായി ബിൽ.നം.P1/2020-21/17.4.2020 പ്രകാരം നടത്തിയ 60000 രൂപയുടെ ചെലവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1.ഗുണഭോക്താക്കളുടെ റേഷൻ കാർഡ് ഉൾപ്പെടെയുള്ള അപേക്ഷകൾ
2.ആടിനെ വിറ്റവരുടെ അക്കൗണ്ടുകളിലേക്ക് തുക കൈമാറിയതിന്റെ രേഖകൾ
3.മോണിറ്ററിംഗ് റിപ്പോർട്ട്

രേഖകളുടെ അഭാവത്തിൽ 60000 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 18/12.10.2021)

## 1-19 ഗുണഭോക്തൃവിഹിതം ശേഖരിച്ചത്- കണക്കുകളിൽ അവ്യക്തത-രേഖകൾ ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജൻ

2020-21സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം ശേഖരിച്ചതുമായി ബന്ധപ്പെട്ട രസീറ്റ് ബുക്കുകൾ ഹാജരാക്കാത്തതിനെ തുടർന്ന് ഓഡിറ്റ് അന്വേഷണം നല്കുകയും 20.10.21 തീയതിയിൽ രസീറ്റ് ബുക്കുകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രസീറ്റ് ബുക്കുകൾ പ്രകാരം ശേഖരിച്ച തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. സുലേഖ ചെലവ് പത്രിക പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവ് വന്ന തുകയും ലെഡ്ജർ (320800101-ഗുണഭോക്തൃവിഹിതം) പ്രകാരമുള്ള വരവ് ചെലവുകളും രസീറ്റ് ബുക്കുകൾ വഴി ശേഖരിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.കലക്ഷൻ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | ഈടാക്കിയ തുക ₹ | തീയ്യതി. | ആകെ തുക ₹ |
|---|---|---|---|---|---|
| 1 | 43662 | 4മുതൽ 100വരെ (97എണ്ണം) | 3000 രൂപ വീതം | 09.2.2021. | 97X3000=2,91,000 |
| 2 | 66881 | 3എണ്ണം | 3000 രൂപ വീതം | 31.3.2021. | 3X3000=9,000. |
| | | | | ആകെ | ₹3,00,000 |

(1) മുകളിൽ പരാമർശിച്ച തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ വിവരം രസീത് നമ്പറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഹാജരാക്കേണ്ടതാണ്.

(2)ഗുണഭോക്തൃവിഹിതം ശേഖരിച്ചതിന്റെ പ്രോജക്ട് തിരിച്ചുള്ള വിവരങ്ങളും (റസീറ്റ് നമ്പർ, ഒടുക്കിയ തീയതി, ഗ്രാമപഞ്ചായത്ത് റസീറ്റ് സഹിതം) ചെലവഴിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അവസാനിച്ച തീയതിയിലാണ് റസീറ്റ് ബുക്കുകൾ ഹാജരാക്കിയിട്ടുള്ളത് എന്നതിനാലും രേഖകൾ കൃത്യമല്ലാത്തതിനാലും വിശദമായ പരിശോധന സാധ്യമായിട്ടില്ല. രേഖകൾ ക്രമപ്രകാരമല്ലാതെ ഓഡിറ്റിൽ ഹാജരാക്കുന്ന പ്രവണത ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതാണ്.

## 1-20 തുക ചെലവഴിച്ചത് -സുലേഖ ചെലവ് പത്രികയിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നം/ | 190/21 വയോജനങ്ങൾക്ക് |

| | |
|---|---|
| പേര് | കട്ടിൽ(സ്പിൽ ഓവർ) |
| അടങ്കൽ | 1035300/-(വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | ബിൽ നം 3/20-21 /15-5-20 ₹501943/- ,<br>ബിൽ നം 1/20-/17.04.20, ₹453756 |
| | ആകെ ₹9,55,699 |

മേൽ പദ്ധതി പ്രകാരം കേരള ആർട്ടിസെൻസ് ഡെവലപ്പ് മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നും 238 കട്ടിൽ വാങ്ങിയിട്ടുണ്ട് .ഇതിനായി മേൽപ്പറഞ്ഞ പ്രകാരം രണ്ട് ബില്ലുകളിലായി 9,55,699 രൂപ സ്ഥാപനത്തിന് കൈമാറുകയും സ്ഥാപനം തുക കൈപ്പറ്റിയതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്.
ഇതിൽ ബിൽ നമ്പർ 1/17.04.20 പ്രകാരമുള്ള ചെലവ് സുലേഖ ചെലവു പത്രികയിലോ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലോ വന്നിട്ടില്ല. ട്രഷറിയിൽ നിന്നും ബിൽ മാറിയിട്ടുണ്ടെങ്കിലും ചെലവു വിവരങ്ങൾ രേഖപ്പെടുത്താത്തിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം 25/20.10.21) ലഭ്യമാക്കിയ മറുപടിയിൽ ടെക്നിക്കൽ എറർ കാരണമാണ് ഇങ്ങനെ സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. ആവശ്യമായ പരിശോധനകൾ നടത്തി അപാകം പരിഹരിക്കേണ്ടതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് അധികൃതരുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-21 മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നമ്പർ :136/2021

പ്രോജക്റ്റിന്റെ പേര് :തിരുമേനി ,കോലുവള്ളി ഹോമിയോ ആശുപത്രിലേക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹500000/- മെയിന്റനസ് ഫണ്ട് റോഡിതരം

ചെലവ് തുക : ₹500000/-

ബിൽ നമ്പർ /തീയ്യതി, തുക : 1/20-21,26-9-2020

2020-21 വർഷം മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം തിരുമേനി ,കോലുവള്ളി ഹോമിയോ ആശുപത്രികളിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റിവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥാപനത്തിന് 500000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.
മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-22 ഗ്രാമപഞ്ചായത്തിലെ ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ-തൃപ്തികരമല്ല

1.ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല
2.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് അടിസ്ഥാന നികുതി ഒടുക്കി വരുന്നില്ല.
3.ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തലത്തിൽ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല
4.റോഡ് കണക്റ്റിവിറ്റി മാപ്പ് , കണക്റ്റിവിറ്റി പ്ലാൻ ഇവ തയ്യാറാക്കിയിട്ടില്ല
5.ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. പുതുതായി ഏറ്റെടുക്കുന്ന മൺറോഡുകളുടെ വിവരങ്ങൾ മാത്രമാണ് കൂട്ടതലായി ഉൾപ്പെടുത്തിയിട്ടുള്ളത്.
ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ യഥാർത്ഥ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണെന്നാണ് ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളത്
6.ജലനിധി പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കപ്പെട്ട 32 കുടിവെള്ള പദ്ധതികൾ ഉൾപ്പെടെയുള്ള ആസ്തികൾ സംബന്ധിച്ച യാതൊരു വിവരങ്ങളും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.
7.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.
8.പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ കെട്ടിടം പ്രവർത്തനക്ഷമമാക്കുന്നതിനുതകുന്ന എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെങ്കിലും സിവിൽ പ്രവൃത്തികൾ ഒഴികെയുള്ളവയ്ക്ക് ലംപ്സം പ്രൊവിഷൻ

നല്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഉദാഹരണമായി ജോസ് ഗിരി കംഫർട്ട് സ്റ്റേഷൻ നിർമ്മാണം 20-21 സാമ്പത്തിക വർഷം പൂർത്തിയായിട്ടുണ്ടെങ്കിലും നാളിതുവരെയായി കുഴൽക്കിണറിനുള്ള ഫീസിബിലിറ്റി ലഭ്യമായിട്ടില്ല. വൈദ്യുതീകരണ പ്രവൃത്തികളും ചെയ്തിട്ടില്ല. എസ്റ്റിമേറ്റിൽ 1411 രൂപ മാത്രമാണ് വൈദ്യുതീകരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതു തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അശാസ്ത്രീയത വ്യക്തമാക്കുന്നു.

സർവ്വേ നടത്തി നിജസ്ഥിതി രേഖപ്പെടുത്തിയ ശേഷം മാത്രമേ ആസ്തി രജിസ്റ്റർ കാലികമാക്കൽ സാധ്യമാകൂ എന്നാണ് ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/30.09.2021) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്.

ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതിലേക്കായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-23 ഗ്രാമപഞ്ചായത്തിലെ ദുരന്ത നിവാരണ പദ്ധതി പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിനായി ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുകയും 10 അംഗങ്ങൾ വീതമുള്ള 4 റാപ്പിഡ് റെസ്പോൺസ് ടീമുകളും 33 അംഗങ്ങളുള്ള സന്നദ്ധ പ്രവർത്തക ടീമും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യം വരുന്ന പക്ഷം ഉപയോഗപ്പെടുത്താൻ വിവിധ വാർഡുകളിലായി 7 ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജീകരിച്ചിരുന്നതായും ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

കോവിഡ് മഹാമാരിയുടെ വ്യാപനം തടയുന്നതിനായി വാർഡ് തല ജാഗ്രതാസമിതികളുടെ മേൽനോട്ടത്തിൽ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കമ്മ്യൂണിറ്റി കിച്ചൻ, ലോക്ക് ഡൗൺ കാലയളവിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നതായി ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. 50 ബെഡ്ഡുകളും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുമുള്ള ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സംവിധാനവും ഒരുക്കിയിരുന്നു. കൃത്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും കർശനമായ നിയന്ത്രണങ്ങളിലൂടെയും ഗ്രാമപഞ്ചായത്ത് പരിധിയിൽ കോവിഡ് വ്യാപനം നിയന്ത്രണ വിധേയമാക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

പ്രളയത്തിൽ നശിച്ച റോഡുകൾ ഗ്രാമപഞ്ചായത്ത് പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായും മുഖ്യമന്ത്രിയുടെ പ്രാദേശിക റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയും പുനർനിർമ്മാണം നടത്തി വരുന്നുണ്ട്.

മാസ്ക് വിതരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സുഭിക്ഷ കേരളം പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് കാർഷിക,മൃഗസംരക്ഷണ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ബയോഫ്ലോക്ക് മത്സ്യകൃഷി തുടങ്ങുന്നതിനുള്ള ധനസഹായം നല്കുന്നതിനും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

# ഭാഗം -2

## 2-1 വസ്തു നികുതി ഈടാക്കിയതിൽ കുറവു വന്ന 1572രൂപ ഈടാക്കേണ്ടതാണ്

ചെറുപുഴ ഗ്രാമ പഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 100 ച.മീ. മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ച നികുതി നിരക്ക് ച.മീറ്ററിന് 60 രൂപയാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന ക്രമവത്കരണം നടത്തിയ കെട്ടിടത്തിന്റെ യഥാർത്ഥ വിസ്തീർണ്ണത്തിന് അനുസരിച്ച് നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപനം/ ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണ്ണം ച.മീറ്റർ | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കെട്ടിട വിസ്തീർണ്ണം ച.മീറ്റർ | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഈടാക്കിയ നികുതി @60/ ച.മീ ₹ | ഈടാക്കേണ്ടിയിരുന്ന നികുതി@ 60/ച.മീ ₹ |
|---|---|---|---|---|---|---|
| 1 | 1/525 W | വടക്കെ പുര യിൽ അബ്ദുൾ ഖാദർ | 89.21 (ക്രമവത് കരണ ഫീസ് | 66.53 | 66.53 X 60=3991.8 10% ഇളവ് - 399.18 | 89.21X60= 5352.6 10% ഇളവ് - |

| | | | | | | |
|---|---|---|---|---|---|---|
| | | | ഈടാക്കി ക്രമവത് കരിച്ചത്) (ക്രമവൽക്കരണ ഫീസ് ₹1784 റസീറ്റ്നമ്പർ 120030101320/30.09.20) | | 20% വർദ്ധനവ്- 798.36<br>ഇളവും വർദ്ധനവും കഴിച്ച്<br>ആകെ - 4390.98<br>ലൈബ്രറി സെസ്സ് 5% - 219.55<br>ആകെ തുക - ₹4611 റസീറ്റ്നമ്പർ 120030101321/ 30.09.20) | 535.26<br>20% വർദ്ധനവ്- 1070.52<br>ഇളവും വർദ്ധനവും കഴിച്ച്<br>ആകെ - 5887.86<br>ലൈബ്രറി സെസ്സ് 5% -294.39<br>ആകെ തുക - ₹6183 |

12.06.2020 ന് നിർമ്മാണം പൂർത്തിയാക്കിയ മുകളിൽ പരാമർശിച്ച കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി 6183 രൂപ ഈടാക്കുന്നതിന് പകരം 4611 രൂപയാണ് ഈടാക്കിയിട്ടുള്ളത് .വസ്തു നികുതി ഈടാക്കിയതിൽ 1572 രൂപ കുറവ് വരുവാനുണ്ടായതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/ 20.10.2021) -ന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

### 3-1 വാറണ്ടി പീരിയഡ് കഴിയുന്നതിനു മുൻപെ കെൽട്രോണുമായി വാർഷിക അറ്റകുറ്റപ്പണി കരാറിൽ ഏർപ്പെട്ടു-₹9,600 നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ക്റ്റ് നം | 325/20-21 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് എ.എം.സി. |
| അടങ്കൽ | ₹1,50,000 (തനത് ഫണ്ട്) |
| ചെലവ് | ₹1,37,293 (ചെക്ക് നമ്പർ 728663/20.11.2020) |

പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനായി 20.11.20 ന് കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ Hardware Repair And Maintanance രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന 2 കമ്പ്യൂട്ടറുകളുടെ വാറണ്ടി കാലയളവിൽ തന്നെയാണ് അറ്റകുറ്റപ്പണിക്കായുള്ള കരാറിൽ ഏർപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമായിട്ടുണ്ട്.

| കമ്പ്യൂട്ടർ നം. | മോഡൽ | വാറണ്ടി കാലയളവ് | AMC തുക/കാലയളവ് |
|---|---|---|---|
| CS-18 | HP-X4N3<br>Client Computer | 31/3/2019- 30/3/2022 | ₹4800<br>20.11.20 മുതൽ 19.11.21 വരെ |
| CS-21 | HP-X4N5<br>Client Computer | 31/3/19-30/3/22 | ₹4800<br>20.11.20 മുതൽ 19.11.21 വരെ |

വാറണ്ടി കാലയളവിൽ വാങ്ങിയ സാധനം/സേവനത്തിന്റെ അറ്റകുറ്റപ്പണി നടത്തേണ്ടത് അത് വിതരണം ചെയ്ത സ്ഥാപനം തന്നെയാണ്. (ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/04.10.2021) നൽകിയ മറുപടിയിൽ തുക തിരിച്ചടക്കാൻ കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്) ഈ സാഹചര്യത്തിൽ വാറണ്ടി കാലയളവിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കെൽട്രോണിനു നല്കിയ ₹9,600 ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 വിവിധ അങ്കണവാടികൾക്ക് മോട്ടോർ സ്ഥാപിക്കൽ - വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പദ്ധതി നടപ്പാക്കിയതും മറ്റ് അപാകങ്ങളും-ഭരണസമിതി അംഗീകരിച്ച നിരക്കിൽ പരിമിതപ്പെടുത്താതെ തുക നല്കി- 3036രൂപയുടെ അധികച്ചെലവ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ | 264/20,231/21(സ്പിൽ ഓവർ) |
| അടങ്കൽ | ₹650000(സംരക്ഷണ ഗ്രാന്റ് - റോഡിതരം) |
| ചെലവ് | ബിൽ നമ്പർ 51/20-21 തീയതി 29.03.21 ₹5,91,624 |
| കരാറുകാരൻ | ശ്രീ റെന്നിമോൻ എ എൽ |
| എഗ്രീഡ് പി എ സി | ₹568802 |
| എഗ്രിമെന്റ് നമ്പർ തീയതി | 46/19-20 തീയതി 4.12.19 |
| എം ബുക്ക് നമ്പർ | 44/19-20 |

7 അങ്കണവാടികൾക്ക് വാട്ടർ ടാങ്ക് സ്ഥാപിക്കാനും 14 അങ്കണവാടികളിലെ കുഴൽ കിണറുകൾക്ക് മോട്ടോർ സ്ഥാപിക്കാനും വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.വാട്ടർടാങ്ക് സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും നടത്തുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത എസ്റ്റിമേറ്റിന്റെ അനുബന്ധം2,3 ആയി 7 വീതം അങ്കണവാടികളിലെ കുഴൽക്കിണറുകൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് ലംപ്സം പ്രൊവിഷനായി 227000 രൂപ വീതം ഉൾപ്പെടുത്തുകയാണ് ചെയ്തത്.

മൂന്ന് സ്ഥാപനങ്ങളാണ് ക്വട്ടേഷൻ സമർപ്പിച്ചത് .കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ലക്ഷ്മി ഹാർഡ്വെയേർസ് ക്വാട്ട് ചെയ്ത ആകെ തുക (₹505705) എസ്റ്റിമേറ്റിൽ പ്രൊവിഷൻ നല്കിയതിനേക്കാൾ കൂടുതലായതിനാൽ എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്തിയാണ് (227000*2=454000രൂപ) ഭരണസമിതിയുടെ 10.02.2020 ലെ 5/2020(1),(2) തീരുമാനങ്ങളിലായി ക്വട്ടേഷൻ അംഗീകരിച്ചിട്ടുള്ളത്.

ലക്ഷ്മി ഹാർഡ്വെയേഴ്സ് സമർപ്പിച്ച ബില്ലുകൾ ജി എസ് ടി ഉൾപ്പെടെയുള്ളതായിരുന്നു. വിവിധ അങ്കണവാടികൾക്കായുള്ള വാങ്ങലുകളിൽ സാധനങ്ങളുടെ ജിഎസ് ടി ഒഴിവാക്കിയാൽ കിട്ടുന്ന ആകെ ബിൽ തുക 442208.27രൂപയും ജി എസ് ടി ഉൾപ്പെടെയുള്ള ബിൽ തുക 505255 രൂപയുമാണ്.ആകെ തുകയായ 505255 രൂപ, 444920രൂപയായി പരിമിതപ്പെടുത്തി ബിൽ തയ്യാറാക്കിയ ശേഷം ജി എസ് ടി കോമ്പൻസേഷനായി 12% കൂട്ടിയിട്ടുണ്ട്. അപ്രകാരം 444920+53390.4=498310.4രൂപയാണ് മോട്ടോർ അനുബന്ധ സാധനങ്ങൾ സ്ഥാപിച്ച വകയിൽ കരാറുകാരന് നല്കിയിട്ടുള്ളത്. എന്നാൽ ഭരണസമിതി അംഗീകരിച്ച നിരക്ക് 454000രൂപ മാത്രമാണ് . മോട്ടോറും അനുബന്ധ സാധനങ്ങളും സ്ഥാപിക്കുന്നതിനുള്ള ലേബർ ചാർജ്ജ് സംബന്ധിച്ച വിവരങ്ങൾ എംബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.(എം ബുക്കിൽ , ബില്ലുകൾ പ്രകാരമുള്ള ജി എസ് ടി ഉൾപ്പെടെ വരുന്ന തുക അതേപടി രേഖപ്പെടുത്തിയാണ് മൂല്യനിർണ്ണയം നടത്തിയത്. അതിനു ശേഷം ഭരണസമിതി അംഗീകരിച്ച നിരക്കിലേക്ക് പരിമിതപ്പെടുത്തിയ ശേഷം ജി എസ് ടി കോമ്പൻസേഷൻ കൂട്ടിയിട്ടുണ്ട്.)

ജി എസ് ടി ഒഴികെയുള്ള നിരക്കിൽ (442208.27രൂപ) പരിമിതപ്പെടുത്തിയ ശേഷം 12% കോമ്പൻസേഷൻ കൂട്ടുന്നതിനു പകരം 444920 രൂപയിൽ പരിമിതപ്പെടുത്തി 12% ജി എസ് ടി കൂട്ടിയതിനാൽ (2711+12%ജി എസ് ടി) 3036രൂപ കരാറുകാരന് അധികം നല്കാനിടയായിട്ടുണ്ട്. ആയത് തിരിച്ചു പിടിക്കേണ്ടതാണ്.ഇതുമായി ബന്ധപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/19.10.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് അപാകങ്ങൾ ഖണ്ഡിക 1-16 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 06.10.21 മുതൽ 16.10.21 വരെ | കെ.എസ്.എ/കെ.എൻ.ആർ/സി.1/1162/21 തീയതി: 09.11.2021 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 68000 | തരിശ് പച്ചക്കറിക്കൃഷി, 289/21 | 68000 | 0 |
| | | 1960000 | ലൈഫ് ഭവനനിർമ്മാണം-ജനറൽ,49/21 | 1960000 | 0 |
| | | 620000 | ലൈഫ് ഭവനനിർമ്മാണം-എസ് സി, 73/21 | 620000 | 0 |
| | | 630000 | ലൈഫ് ഭവനനിർമ്മാണം-എസ് ടി, 83/21 | 630000 | 0 |
| | | 462500 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്, 88/21 | 462500 | 0 |
| | | 2200 | കാർഷിക സ്വയം പര്യാപ്ത ഗ്രാമം, 292/21 | 2200 | 0 |
| | | 40800 | കരനെൽക്കൃഷി,290/21 | 40800 | 0 |
| | | 573952 | ക്ഷീരകർഷകർക്ക് പാലുല്പാദന സബ്സിഡി,20/21 | 573952 | 0 |
| | ആകെ | ₹43,57,452 | | ₹ 43,57,452 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 136000 | തരിശ് പച്ചക്കറിക്കൃഷി, 289/21 | 136000 | 0 |
| | | 150000 | പച്ചക്കറിത്തൈകൾ വിതരണം, 291/21 | 150000 | 0 |
| | | 67031 | ബയോഫ്ലോക്ക് മത്സ്യക്കൃഷി, 295/21 | 67031 | 0 |
| | | 100000 | ലൈഫ് ഭവനനിർമ്മാണം-എസ് സി, 73/21 | 100000 | 0 |
| | | 1246261 | ലൈഫ് ഭവനനിർമ്മാണം-എസ് ടി, 83/21 | 1246261 | 0 |

| | | | | | |
|---|---|---|---|---|---|
| | | 40000 | ലൈഫ് ഭവനനിർമ്മാണം-എസ് സി, അഡിഷണൽ, 334/21 | 40000 | 0 |
| | | 462500 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വർക്കുള്ള സ്കോളർ ഷിപ്പ്, 88/21 | 462500 | 0 |
| | | 1000000 | ക്ഷീരകർഷകർക്ക് പാലുല്പാദന സബ്സിഡി, 20/21 | 1000000 | 0 |
| | | 240000 | കാർഷിക സ്വയം പര്യാപ്ത ഗ്രാമം,292/21 | 240000 | 0 |
| | | 11371000 | ലൈഫ് ഭവനനിർമ്മാണം-ജനറൽ,49/21 | 11371000 | 0 |
| | ആകെ | ₹14812492 | | ₹14812492 | |

2019-20 സാമ്പത്തിക വർഷം ലൈഫ് ഭവനനിർമ്മാണ പദ്ധതി(ജനറൽ)ക്കായി ലഭിച്ച ബ്ലോക്ക് വിഹിതമായ 22ലക്ഷം രൂപയിൽ 18.99ലക്ഷം രൂപയും (പ്രോജക്ട് നമ്പർ 298/21) ലൈഫ് ഭവനനിർമ്മാണ പദ്ധതി(എസ് സി )ക്കായി ലഭിച്ച ബ്ലോക്ക് വിഹിതമായ 390000രൂപയിൽ 301000രൂപയും(പ്രോജക്ട് നമ്പർ 299/21) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതിക്ക വേണ്ടി ലഭിച്ച 462500രൂപയിൽ 225850രൂപയും(പ്രോജക്ട് നമ്പർ 288/21) 2020-21 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്.

വിവിധ വർഷങ്ങളിലായി ലഭിച്ചതും നാളിതുവരെയായി വിനിയോഗിക്കാത്തതുമായ തുക മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് തിരിച്ചടക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | നിലാവ് പദ്ധതി-സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ,336/21 | 20/29.03.21 | 14,69,412 | 2021-22 സാമ്പത്തിക വർഷമാണ് പദ്ധതി പൂർത്തിയാക്കിയത് | 2021-22 സാമ്പത്തിക വർഷമാണ് പദ്ധതി പൂർത്തിയാക്കിയത് |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | ബാക്കി യുണ്ടാ യിരുന്ന തുക | | | ബാക്കിയുള്ള തുക |
| ഇഎംഎസ് ഭവന പദ്ധതി ലോൺ | ജിഒ(എംഎസ്)90 /2013/എൽ എസ്.ജി ഡി/ 14.03.13 66,67,500രൂപ വായ്പ യെടുക്കാൻ | ₹5839204 (പലിശനിരക്ക് 12%-10.75%- സംസ്ഥാന സർക്കാർ,1.25% ഗ്രാമപഞ്ചായത്ത്) | 0 | 0 | | മുതൽ അടച്ചു തീർന്നു . പലിശ കണക്കാക്കുന്ന മാന ദണ്ഡവും പലിശയിനത്തിൽ അടക്കാനുള്ള തുകയുടെ വിശദാംശങ്ങളും ലഭ്യമല്ല. |
| ഹഡ്കോ ലോൺ- കെയുആർഡി എഫ്സി- ലൈഫ് ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല | 1,31,40,000 | 1,21,54,706 | 42,36,039 | | 79,18,667 |

ലോൺ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിശോധനക്കായ ഹാജരാക്കിയിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിൻെറ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2 | തൊഴിൽ നികുതി | നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹13,26,15,830 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹15,24,91,143 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹1572 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹12636 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹555274.40 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 (1-11) | 1572 | | ശ്രീ ബാബുരാജ് എം പി, സെക്രട്ടറി |
| 3-1 (1-15) | | 9600 | ശ്രീ ബാബുരാജ് എം പി, സെക്രട്ടറി |
| 3-2 (1-16) | | 3036 | ശ്രീ.രാജേഷ്.എം.കെ,അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | ₹1572 | ₹12636 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 495274.40 | ശ്രീ.രാജേഷ്.എം.കെ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18 | 60000 | ഡോ.വിശ്വലക്ഷ്മി,എൽ, വെറ്റിനറി സർജൻ |
| ആകെ | ₹555274.40 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-6-1,1-6-2,1-6-3,1-6-4,1-7-1,1-7-2,1-7-3,1-7-4,1-16 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബാബുരാജ്.എം.പി, സെക്രട്ടറി | വിരമിച്ചു | മുത്തത്തി പനയംതട്ട ഹൗസ്, കക്കറ(പിഒ), കണ്ണൂർ ജില്ല |

| | | |
|---|---|---|
| ഡോ.വിശ്വലക്ഷ്മി,എൽ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, ചെറുപുഴ | ചുങ്കത്തറയിൽ,പള്ളിക്കൽ ,നൂറനാട്(പി.ഒ), പത്തനംതിട്ട |
| ശ്രീ.രാജേഷ്.എം.കെ,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ , പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് | ശിവക്ഷേത്രത്തിനു സമീപം, കാങ്കോൽ, കാങ്കോൽ (പി ഒ) ,പയ്യന്നൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 802/2019/17-07-2019 | 2 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 802/2019/17-07-2019 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 802/2019/17-07-2019 | 1 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 802/2019/17-07-2019 | 2 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 802/2019/17-07-2019 | 2 |
| 2009-10 & 2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 802/2019/17-07-2019 | 13 |
| 2011-12& 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 802/2019/17-07-2019 | 3 |
| 2013-14& 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 802/2019/17-07-2019 | 6 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 802/2019/17-07-2019 | 5 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 802/2019/17-07-2019 | 6 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.1/ 441/2019/10-10-2019 | 15 |
| 2018-19 | കെ.എസ്.എ/കെ എൻ.ആർ/സി.1 /103 /2020(2)/15.10.2020 | 29 |
| 2019-20 | കെ.എസ്.എ/കെ എൻ.ആർ/സി.1 /1161/21 തീയതി: 09.11.2021 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം3

# ധനകാര്യ പത്രികകൾ

1റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Cherupuzha Grama Panchayath<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 40877650.23 |
| Cash | Cash | RP-40(a) | 232650.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1588390.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 4943.00 |
| 140000000 | Fees & User Charges | RP-4 | 636825.00 |
| 150000000 | Sale & Hire Charges | RP-5 | 61270.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 100553732.00 |
| 171000000 | Interest Earned | RP-9 | 322314.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 18975456.00 |
| 340000000 | Deposits Received | RP-34 | 240285.00 |
| 350000000 | Other Liabilities | RP-36 | 859237.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 311000000 | Earmarked Funds | RP-29 | 289.00 |
| 340000000 | Deposits Received | RP-34 | 223147.00 |
| 350000000 | Other Liabilities | RP-36 | 660674.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8468268.00 |
| 460000000 | Loans, Advances and Deposits | RP-47 | 21000.00 |
| | Grand total | | 173726130.23 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5038470.00 |
| 220000000 | Administrative Expenses | RP-12 | 1564604.00 |
| 230000000 | Operations & Maintenance | RP-13 | 1903571.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8850536.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 48610797.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2258932.00 |
| 253000000 | Decentralised Plan Programme- Projects not included in<br><br>Sector Division | RP-18 | 982708.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 120000.00 |
| 255000000 | Maintenance Projects | RP-20 | 19951839.00 |
| 280000000 | Prior Period item | RP-26 | -3561.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 47435.00 |
| 350000000 | Other Liabilities | RP-36 | 5855691.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 61874.00 |
| 340000000 | Deposits Received | RP-34 | 116667.00 |
| 350000000 | Other Liabilities | RP-36 | 2271941.00 |
| 410000000 | Fixed Assets | RP-38 | 10723385.00 |
| 412000000 | Capital work in Progress | RP-40 | 15557308.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 26519622.00 |
| 460000000 | Loans, Advances and Deposits | RP-47 | 2059324.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20966496.23 |
| Cash | Cash | RP-40(b) | 268491.00 |
| | Grand Total | | 173726130.23 |

2.ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Cherupuzha Grama Panchayath<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8724573.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 4943.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1238675.00 |
| 140000000 | Fee & User Charges | I-4(b) | 1155395.00 |
| 150000000 | Sale & Hire Charges | I-5(b) | 112170.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 258723039.00 |
| 171000000 | Interest Earned | I-8 | 322314.00 |
| 180000000 | Other Income | I-9 | 0.0 |
| | Total Income | | 270281109.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13181984.00 |
| 220000000 | Administrative Expenses | I-11(b) | 1697217.00 |
| 230000000 | Operations & Maintenance | I-12(b) | 2001763.00 |
| 240000000 | Interest & Finance Charges | I-13 | 61874.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10110536.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 113543242.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2258932.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 982708.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 76956100.00 |
| 255000000 | Maintenance Projects | I-14(e) | 19951839.00 |
| 270000000 | Provisions and Write off | I-16 | 20383.00 |
| 272000000 | Depreciation | I-17(a) | 9857836.00 |
| | Total Expenditure | | 250624414.00 |
| | Gross Surplus/ Deficit of income over Expenditure | | 19656695.00 |
| 280000000 | Prior Period Item | I-18 | -116219.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 19772914.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3.ബാലൻസ് ഷീറ്റ്

| Cherupuzha Grama Panchayath BALANCE SHEET | | | |
|---|---|---|---|
| As on 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 60551060.55 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 10619.00 |
| 312000000 | Reserves | B-3 | 104159383.00 |
| | Total Reserve & Surplus | | 164721062.55 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 30429410.23 |
| | Total Grants, Contributions for Specific Purposes | | 30429410.23 |
| | Loans | | |
| 330000000 | Secured Loans | B-5 | 7918667.00 |
| | Total Loans | | 7918667.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2825345.00 |
| 350000000 | Other Liabilities | B-9 | 3423131.45 |
| | Total Current Liabilities and Provisions | | 6248476.45 |
| | TOTAL LIABILITIES | | 209317616.23 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 216898448.00 |
| 411000000 | Accumulated Depreciation | B-11 | -57663389.00 |
| 412000000 | Capital Work in Progress | B-11(a) | 590852.00 |

| | | | |
|---|---|---|---|
| | Total Fixed Assets | | 159825911.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 27057651.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 21234987.23 |
| 460000000 | Loans, Advances and Deposits | B-18 | 1199067.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 49491705.23 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 209317616.23 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ